# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം ജൂലൈ 2018 വാർഷിക വരിസംഖ്യ ₹ 100



സ്വർഗ്ഗാരോപണത്തിരുന്നാളിന്റെയും
സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

"ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്നു പറഞ്ഞ്
വിശ്വാസപൂർവം വചനം ഏറ്റുവാങ്ങിയ പരി. അമ്മേ,
ശുദ്ധവും നിർമ്മലവുമായ ഹൃദയത്തോടുകൂടെ
വചനം കേട്ടു സംഗ്രഹിച്ച് ക്ഷമാപൂർവം
ഫലം നല്കുന്നവരായി തീരുവാൻ
അങ്ങ് ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം കൈത്താ ജൂലൈ 2018


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com



**പ്രോസാങ്ക്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സ്വാതന്ത്ര്യം അമ്മയോടൊപ്പം 05
- മിശിഹാമാർഗ്ഗജീവിതം 07
- ഫലമുണ്ടാകുമോ? 09
- ഞാൻ മെത്രാൻ 11
- ആനന്ദിച്ച് ആഹ്ലാദിക്കുവിൻ 12
- കരവലയം 14
- ദൈവത്തോടുള്ള സൗഹൃദം 16
- കാവലാൾ 18
- നമ്പൂതിരിമാരും കേരളനസ്രാണികളും 20
- സെനക്കിൾ തരംഗം 25
- സന്താനസമ്പന്നയായ മാതാവ് 26
- മാർ സ്ലീവാ മല്പാനേറ്റ് 30
- മണൽത്തരികൾ മുള്ളുകളാകുമ്പോൾ 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ




# നല്ല മക്കളായി ജീവിക്കാം

എല്ലാ ഭാഷകൾക്കും എല്ലാ ഹൃദയങ്ങൾക്കും ഏറ്റം ഹൃദ്യമായ വാക്കാണ് അമ്മ. പകരം വയ്ക്കാനില്ലാത്ത അമ്മ എന്ന പുണ്യപദത്തിന് സർവഗുണവിശേഷണങ്ങളും ചാർത്തുമ്പോൾ അത് പരിശുദ്ധ കന്യകാമറിയമായി. ഒരു കുഞ്ഞിന്റെ വളർച്ചയിൽ ഒരമ്മയ്ക്കുള്ള സ്ഥാനം എടുത്തുപറയേണ്ടതില്ല. അതുപോലെതന്നെ, തിരുസ്സഭയുടെ ആരംഭദശയിലും പിന്നീടുള്ള വളർച്ചയിലും പരി. അമ്മയുടെ ഭാഗഭാഗിത്വത്തെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ല. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി വളർന്ന് ഫലംചൂടി നില്ക്കുന്ന തിരുസ്സഭയുടെ ഓർമ്മയാചരിക്കുന്ന കൈത്താക്കാലത്തിലെ ഒരു പ്രധാനതിരുനാൾ പരി. മാതാവിന്റെ സ്വർഗ്ഗാരോപണമാണ്. തിരുസഭാതനയർക്ക് സ്വർഗത്തിലെത്താനുള്ള വഴികാട്ടിയായി, ഉഷകാലതാരമായി നിലകൊള്ളുന്ന പരി. മറിയം നമുക്ക് മാതാവുമാത്രമല്ല, മാതൃകയും മദ്ധ്യസ്ഥയുമാണ്.

ഭാരതാംബയുടെ സ്വാതന്ത്ര്യദിനാഘോഷവും സ്വർഗാരോപണ തിരുനാളും ഒന്നിച്ചാഘോഷിക്കുന്ന നമുക്ക്, യഥാർത്ഥ സ്വാതന്ത്ര്യം എന്താണെന്ന് പരി. അമ്മയുടെ ജീവിതം കാണിച്ചുതരുന്നുണ്ടല്ലോ. ദൈവഹിതത്തോട് ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ടുള്ള ജീവിതമാണ്, യഥാർത്ഥസ്വാതന്ത്ര്യം അനുഭവിച്ചുകൊണ്ടുള്ള ജീവിതമാണ്, പരി. മറിയത്തെ ദൈവമാതാവും സ്വർഗാരോപിതയുമൊക്കെയാക്കിയത്. അതുപോലെ, തിരുഹിതത്തിനു കാതോർത്ത്, അപരന്റെ നന്മ ലക്ഷ്യമാക്കിയുള്ള ജീവിതം നയിക്കുമ്പോഴാണ് നാം മാതൃരാജ്യത്തിന്റെയും സ്വർഗ്ഗരാജ്യത്തിന്റെയും നല്ല മക്കളായിത്തീരുന്നത്. ഇങ്ങനെയുള്ള ഒരു ജീവിതം നയിച്ചുകൊണ്ട്, പരി. മറിയത്തിന്റെ പാത പിന്തുടർന്ന് സ്വർഗ്ഗത്തിലെത്താനുള്ള കൃപയ്ക്കായി മാതാവും മാതൃകയുമായ സ്വർഗാരോപിതയോട് നമുക്ക് മാദ്ധ്യസ്ഥ്യം തേടാം.

സ്വർഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസളോടെ,

**ചീഫ് എഡിറ്റർ**

# സ്വാതന്ത്ര്യം അമ്മയോടൊപ്പം

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ചിന്തയ്ക്കും വാക്കിനും അതീതമായ അനുഭവമാണ് സ്വാതന്ത്ര്യം. അത് വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തെ മുഴുവൻ ചൂഴ്ന്നു നില്ക്കുന്ന ഒരു അനുഭവമാണ്. സ്വാതന്ത്ര്യം അതിന്റെ തനിമയിൽ ജീവിച്ച വ്യക്തിയാണ് പരി. അമ്മ. ദൈവമഹത്ത്വത്തിനും മനുഷ്യനന്മയ്ക്കുംവേണ്ടി പ്രവർത്തിച്ചവളാണവൾ. കാലിത്തൊഴുത്ത്, കാനാ, കാൽവരി... ഇവിടെങ്ങളിലെല്ലാം അവൾ എപ്രകാരം നിലകൊണ്ടുവെന്ന് നമുക്കറിയാം. ദൈവം നല്കിയ സ്വാതന്ത്ര്യം ശരിയായി വിനിയോഗിച്ചതിന് ദൈവം നല്കിയ അംഗീകാരമാണ് പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗാരോപണം. ദൈവസന്നിധിയിലുള്ള അമ്മ നമുക്ക് മാദ്ധ്യസ്ഥ്യശക്തിയാണ്. ഒരു കുഞ്ഞിന് അമ്മയുടെ അടുത്തുമാത്രമാണ് സ്വാതന്ത്ര്യത്തോടെ



ചേർന്നുനില്ക്കാൻ സാധിക്കുന്നത്. പലതും അപ്പനിൽനിന്ന് നേടിയെടുക്കാനുള്ള മധ്യവർത്തി അമ്മയാണ്. ഒരു കുഞ്ഞിന്റെ ജന്മംമാത്രമല്ല, വളർച്ചയുടെ എല്ലാ വിനാഴികകളും അമ്മയോടൊപ്പമാണ്. കഴിവുകളുടെ കുറവും നിറവും ചൊരിയപ്പെടുന്ന ഇടവും അമ്മമടിത്തട്ടാണ്. വളർത്തലും തിരുത്തലും അവിടെയാണ് ഇടം തേടുക. ഭീതിയുടെ നിമിഷങ്ങളിൽ അമ്മവിരൽത്തുമ്പുതേടുന്ന കുഞ്ഞുങ്ങളേ ലോകത്തുള്ളു. തളർച്ചയുടെ മേഖലകളിലും രോഗത്തിന്റെ അവസരങ്ങളിലും കരുതലിന്റെ സ്പർശമായി ഒരു നല്ല അമ്മ കൂടെയുണ്ടാകും.

നമ്മുടെ അമ്മയായ പരി. മറിയം ദൈവത്തോട്, സ്വർഗത്തോട്, ചേർന്നുനിന്നവളാണ്. അതുകൊണ്ടല്ലേ ദൈവദൂതൻ പറഞ്ഞത്, “ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടു കൂടെ” എന്ന് (ലൂക്കാ 1,28). മറിയം തന്റെ ദൈവൈക്യം തീക്ഷ്ണതയോടെ ജീവിച്ചതിന്റെ ഫലമാണ് ദൈവമാതൃത്വപദവും പരിശുദ്ധാത്മാവിന്റെ മണവാട്ടിസ്ഥാനവും. ദൈവസഹവാസം ഭാഗധേയമായി ജീവിച്ച അമ്മയെക്കുറിച്ച് നമുക്ക് ഇങ്ങനെ പറയുവാൻ സാധിക്കും: “അവൾ ദൈവത്തോടൊത്തു ജീവിച്ച് തന്റെ കുലീനജന്മം മഹത്ത്വപ്പെടുത്തുന്നു” (ജ്ഞാനം8,3).

ബലമുള്ള കരങ്ങൾ, മാതൃകകൾ നമുക്കുണ്ടാവണം. ദൈവത്തോടു ചേർന്നു നില്ക്കുന്നവർ സഭയിൽ, സമൂഹത്തിൽ വർദ്ധിതമാകട്ടെ.

അമ്മയെക്കുറിച്ചു പറയുമ്പോൾ, അവൾ നിർബാധമൊഴുകുന്ന സ്നേഹമാണ്, കാരുണ്യമാണ്; അങ്ങനെയാവണം... ഇന്ന് പരിഷ്കൃതലോകം അത് തിരുത്തിയെഴുതുന്നുണ്ട്. കഴിഞ്ഞ നാളുകളിലെ ചില സംഭവങ്ങൾ അതിന് നിദർശനങ്ങളാണ്. അതുകൊണ്ടല്ലേ ഒരു ശിശു ഇടപ്പള്ളി പള്ളിയിൽ അഭയം തേടിയത്. ‘അമ്മ മറന്നാലും മറക്കാത്ത സ്നേഹം’ എന്ന ദൈവവചനം ഇവിടെ സ്മരിക്കപ്പെടുന്നു. ഇനിയും കാമുകനോടൊപ്പം ജീവിക്കാൻ, ജന്മം നല്കിയ കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കും വിഷം കൊടുത്ത അമ്മയും നമ്മുടെ സമീപത്തുതന്നെയാണ്. ഒരു കെവിൻവധത്തിന്റെ ഭീകരതയ്ക്കു പിന്നിലും ഒരു അമ്മയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

നാം ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. അമ്മയിൽനിന്നാണ് നാം യാത്ര ആരംഭിക്കുന്നത്. ഒരു നല്ല അമ്മ സ്ത്രീത്വത്തിന്റെ റോൾ മോഡലും അംബാസിഡറുമാണ്; അങ്ങനെതന്നെയാവണം. യുവതലമുറയിലെ മിക്ക അമ്മമാരും തനിക്കു തോന്നുന്നത് സ്വാതന്ത്ര്യമായി കരുതുന്നു; പ്രവർത്തിക്കുന്നു. അവളുടെ ഇഷ്ടവിപരീതങ്ങൾ ജീവനുതന്നെ നഷ്ടം സൃഷ്ടിക്കുന്നു. അത് സർവ്വനാശത്തിലേക്ക് കൂപ്പുകുത്തിക്കുന്നു എന്നവൾ അറിയുന്നുമില്ല.

ഇത്തരുണത്തിൽ ദിശാബോധമില്ലാത്ത അമ്മമാർ കുഞ്ഞുങ്ങളെ ലക്ഷ്യത്തിലെത്തിക്കാതെ വഴിയോരത്ത് ഉപേക്ഷിക്കും. ലക്ഷ്യവും ലക്ഷ്യബോധവും ഇല്ലാത്ത മക്കൾ ചിതറിയ മനസ്സിന് ഉടമകളായിത്തീരുന്നു. അക്രമവും അനീതിയും അവരുടെ കളിക്കോപ്പുകളായി മാറുന്നു.

ചൂണ്ടുപലകകളും പ്രകാശഗോപുരങ്ങളും നഷ്ടമാകുന്ന ഇടങ്ങളിൽ അലഞ്ഞുതിരിയാനുള്ള സാധ്യതയാണ് തെളിയപ്പെടുക. സൂര്യന്റെ ദിശയിലേക്ക് മുഖം തിരിക്കുന്ന വൃക്ഷമേ ഫലം നല്കാറുള്ളു.

ഭാവിയിലെ സാമ്പത്തികസുരക്ഷ മാത്രം തേടി യാത്ര ചെയ്യുന്നവരുടെ കാലമാണിത്. ഈശ്വരചിന്ത വെടിഞ്ഞുള്ള യാത്ര വഴിതെറ്റുവാൻ സാധ്യതയുണ്ട്. ബലമുള്ള കരങ്ങൾ, മാതൃകകൾ നമുക്കുണ്ടാവണം. ദൈവത്തോടു ചേർന്നു നില്ക്കുന്നവർ സഭയിൽ, സമൂഹത്തിൽ വർദ്ധിതമാകട്ടെ. സ്വാതന്ത്ര്യത്തിന്റെ അമ്മ നമ്മെ വഴിനടത്തട്ടെ.




മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

ക്രിസ്തീയജീവിതം ആദിമസഭയിൽ വിശേഷിപ്പിക്കപ്പെടുന്നത് മിശിഹാമാർഗ്ഗം സ്വീകരിച്ചവരുടെ ജീവിതമെന്നാണ് (ശ്ലീഹാ 9,2). ഇതുതന്നെയായിരിക്കണം നമ്മുടെ പൂർവികരും 'നസ്രാണിമാർഗ്ഗം' സ്വീകരിച്ചവർ എന്ന് അറിയപ്പെടാനുള്ള അടിസ്ഥാനം. ഇത് സെനക്കിളിൽ ഈശോ ശിഷ്യരോടു പറഞ്ഞ വാക്കുകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു: "ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14,6).

**മിശിഹായിൽ പിതാവിനെ കാണുന്ന ജീവിതം**

മിശിഹാ പിതാവിലേക്കുള്ള വഴിയാണ്. "ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം" എന്ന് ഈശോ പറഞ്ഞപ്പോൾ തോമസ് പറഞ്ഞു: "നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും?" (യോഹ 14,4-5). അപ്പോഴാണ് ഈശോ പറഞ്ഞത് "ഞാൻ വഴിയും സത്യവും ജീവനുമാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (14,6). പിതാവിന്റെ അടുക്കലേക്കു പോകാനുള്ള വഴിയാണ് ഈശോ. പിതാവിനെ നമുക്കു കാണിച്ചുതരുന്നവനെന്ന നിലയിലാണ് ഈശോ പിതാവിലേക്കുള്ള വഴിയായിത്തീരുന്നത്. ഈശോ വന്നത് പിതാവിനെ മനുഷ്യകുലത്തിനു വെളിപ്പെടുത്തുവാൻവേണ്ടിയാണ്. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (1,18). 'സത്യ'മെന്ന് ഈശോ സ്വയം വിശേഷിപ്പിക്കുന്നത് പിതാവിനെ വെളിപ്പെടുത്തുന്ന പുത്രൻ അഥവാ മാംസമായ വചനം (യോഹ 1,14) എന്ന നിലയിലാണ് (യോഹ 17,17). പീലിപ്പോസി

നോട് ഈശോ പറഞ്ഞു: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (14,9). അതുകൊണ്ട് മിശിഹാമാർഗ്ഗജീവിതം മിശിഹായിലൂടെ ദൈവപിതാവുമായി ബന്ധം പുലർത്തുന്ന ജീവിതമാണ്.

## മിശിഹായിൽ ദൈവൈക്യം പുലർത്തുന്ന ജീവിതം

ഞാൻ വഴിയും സത്യവും ജീവനുമാണെന്ന് ഈശോ പറയുന്നു. 'ജീവൻ' എന്നു പറയുന്നത് ദൈവികജീവനാണ്. പിതാവും പുത്രനും പങ്കിട്ടനുഭവിക്കുന്ന ജീവനിൽ നമ്മെയും പങ്കുചേർക്കുവാനാണ് ഈശോ ലോകത്തിലേക്കു വന്നത്: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10,10). അവിടുന്നു പിതാവുമായി പങ്കിട്ടനുഭവിക്കുന്ന ജീവനിൽ നമ്മെയും പങ്കുചേർക്കുന്നു. അങ്ങനെ പിതാവിനെ വെളിപ്പെടുത്തുന്നവനെന്ന നിലയിലും ഈശോ നമുക്ക് പിതാവിലേക്കുള്ള വഴിയായിത്തീരുന്നു. ഈശോയിൽ വിശ്വസിക്കുന്ന ജീവിതം നയിക്കുമ്പോഴാണ് ഈ ജീവൻ നമുക്കു ലഭിക്കുന്നത്: "പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു" (3,36). ഈശോയോടുള്ള ബന്ധത്തിലും പ്രതിബദ്ധതയിലും വളരുന്നതിലൂടെ ദൈവപിതാവിനോടും ദൈവാത്മാവിനോടുമുള്ള ബന്ധത്തിലും പ്രതിബദ്ധതയിലും വളരുവാൻ നമുക്കു കഴിയും. അപ്രകാരം മിശിഹായിൽ ദൈവൈക്യജീവിതം നയിക്കുന്നതാണ് മിശിഹാമാർഗ്ഗജീവിതം.

## മിശിഹാ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യുന്ന ജീവിതം

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും" (യോഹ 14,12). ഈശോയിൽ വിശ്വസിക്കുന്നവർ ഈശോ ചെയ്തതുപോലെയുള്ള അത്ഭുതങ്ങൾ ചെയ്യും. ആദിമസഭയിൽ ശ്ലീഹന്മാർ അപ്രകാരം അത്ഭുതങ്ങൾ പ്രവർത്തിച്ച് സുവിശേഷം പ്രസംഗിച്ചതായി നാം കാണുന്നു (ശ്ലീഹ 3,6-9; 5,12). ഈശോ തന്റെ വാക്കുകളെയും അത്ഭുതങ്ങളെയും പിതാവിന്റെ പ്രവൃത്തികളായിട്ടാണ് കാണുന്നത് (യോഹ 5,17; 14,11). ഈശോ വീണ്ടും പറയുന്നു: "ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും" (14,11). അത്ഭുതങ്ങൾ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ അടയാളങ്ങൾ മാത്രമാണ്. ഈശോ തന്റെ മഹത്ത്വീകരണത്തിലൂടെ രക്ഷാകരകർമ്മം പൂർത്തിയാക്കിയതുകൊണ്ട്, ഇന്ന് മിശിഹായിൽ വിശ്വസിച്ചുകൊണ്ടു ജീവിക്കുന്നവർ, ദൈവത്തിന്റെ രക്ഷയിൽ അഥവാ ജീവനിൽ പങ്കുചേരുന്നവരും അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരുമായിത്തീരും. അപ്രകാരം മിശിഹായിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ രക്ഷാകരപ്രവർത്തനത്തിൽ പങ്കുചേരുന്ന ജീവിതമാണ് മിശിഹാമാർഗ്ഗജീവിതം.

## മിശിഹായുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുന്ന ജീവിതം

ഈശോ വീണ്ടും പറയുന്നു: "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്ത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (യോഹ 14,13-14). ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുന്നതെല്ലാം ലഭിക്കുമെന്നുള്ള ഉറപ്പാണ് ഇവിടെ ശിഷ്യർക്കു കിട്ടുന്നത്. "ഈശോയുടെ നാമത്തിൽ" എന്നതിന്റെ അർത്ഥം "ഈശോയുമായുള്ള ഐക്യത്തിൽ" എന്നാണ്. മുന്തിരിച്ചെടിയും ശാഖകളുമെന്ന പ്രതിരൂപത്തിലൂടെ ഈശോയും ശിഷ്യരുമായുള്ള ബന്ധം അവതരിപ്പിക്കുമ്പോൾ ഈശോ പറയുന്നു: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും" (15,7). മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് മിശിഹായിൽ ഒന്നായ സമൂഹം: "നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നാണ്" (ഗലാ 3,28). ക്രിസ്തീയ പ്രാർത്ഥന അവശ്യം സഭാത്മകമാണ്. സഭയുടെ പ്രാർത്ഥനകളെല്ലാം മിശിഹായിൽ ഒന്നായി നിന്നുകൊണ്ടുള്ള പ്രാർത്ഥനകളാണ്. അപ്രകാരം മിശിഹായിൽ ഒന്നായി നിന്നു പ്രാർത്ഥിക്കുന്ന ജീവിതമാണ് മിശിഹാമാർഗ്ഗജീവിതം.

# ഫലമുണ്ടാകുമോ?



**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മുറ്റത്തു നിൽക്കുന്ന ചെടികളെയും മാവിനെയുമൊക്കെ ഏറെ കരുതുന്നത് നിറയെ ഫലം തരുമ്പോഴാണ്. ഫലം ഏതുതരത്തിലുള്ളതുമാവാം. പൂവാകാം, പഴമാകാം, തണലാകാം, കാമ്പുള്ള തടിയാകാം. ഓരോ വൃക്ഷത്തിൽ നിന്നും നാം പ്രതീക്ഷിക്കുന്നത് ഓരോ തരത്തിലുള്ള ഫലങ്ങളാണ്. വൃക്ഷമെന്തായാലും ഫലം നന്നായിരിക്കണം. കരുതലോടെ നട്ടുവളർത്തുന്ന തേക്കിന്റെ ഇലകൾ മുഴുവൻ പുഴുവരിച്ചാലും അവ മുറ്റം മുഴുവൻ വൃത്തികേടാക്കിയാലും നാം തേക്ക് വെട്ടാറില്ല. കൊതിയോടെ നട്ടു വളർത്തിയ മാവു നല്കിയ മാമ്പഴമെല്ലാം പുഴുവരിച്ചതായിരുന്നാൽ നമ്മുടെ വിധംമാറും.

തന്റെ സഹനമരണോത്ഥാനങ്ങളിലൂടെ വീണ്ടെടുത്ത്, ശ്ലീഹന്മാരാകുന്ന ഉറച്ച അടിസ്ഥാനത്തിന്മേൽ പണിത്, രക്തസാക്ഷികളുടെ ചുടുനിണം നല്കി, വളർത്തി വലുതാക്കിയ സഭയുടെ ഫലം ശേഖരിക്കാൻ തമ്പുരാൻ വരികയായി. കൊടുക്കാൻ എന്തുണ്ട് കൈയിൽ? എന്തൊക്കെയോ നേടാനുള്ള നെട്ടോട്ടത്തിൽ നേടേണ്ടതൊന്നും നേടിയില്ലേ? അതോ, സ്വന്തമാക്കിയെന്നു കരുതിയവയൊക്കെ ചിതലും പുഴുവും അരിച്ചോ? വിലയിരുത്തണം. പരിശുദ്ധാത്മാവിന്റെ ഫലങ്ങളെക്കുറിച്ച് ധ്യാനിച്ച്, അതിന്റെ സമൃദ്ധിയിൽ വളരാൻ നമ്മെ നിർബന്ധിച്ചിരുന്ന ശ്ലീഹാക്കാലം... ദൈവാലയത്തിൽ ശ്രദ്ധയോടെ കേട്ടിരുന്നുവെങ്കിൽ, അതിലേക്കു നമ്മെ തള്ളുകയായിരുന്നില്ലേ ഓരോ വായനകളും? വിതച്ചോ ഹൃദയത്തിൽ ഒരു വിത്ത്? അതിനുമുമ്പ്, നല്ലതുപോലെ ഒരുക്കിയിരുന്നോ ഹൃദയം? എങ്കിൽ തമ്പുരാൻ ഫലം കണ്ടെത്തും... തീർച്ച.

ഇല്ലെങ്കിൽ ഇങ്ങനെ മുമ്പോട്ടുപോയിട്ടു കാര്യമില്ല. നിൽക്കണം, ചിന്തിക്കണം. ഞാൻ എന്തു ഫലമാണ് നൽകിയത്? എന്റെ ചുറ്റും അണഞ്ഞവർക്കു തണലേകുവാൻ ഒരുവേള ഞാൻ മടിച്ചുവോ? ഏറെ വേദനിക്കുന്നവർ ചുറ്റുമുണ്ടായിട്ടും കണ്ടില്ലെന്നു നടിച്ചോ? സഹായിക്കാൻ മടിച്ചോ? ഒന്നു പറഞ്ഞുതീർന്നാൽ സമാധാനമായി എന്നു കരുതി സമീപിച്ചവർക്ക് തിരക്കിന്റെ വലിയ ഭാവം നൽകിയോ?

> സമൂഹത്തോടൊപ്പം നിന്ന്, സമൂഹത്തിന്റെ തിന്മകളെ മുഖം നോക്കാതെ എതിർത്ത്, പിതാവിന്റെ കരം മുറുകെ പിടിച്ചുള്ള യാത്ര... പറ്റുമോ ഇതു പോലെ മാതൃകാപരമായ ഒരു ജീവിതം നയിക്കാൻ?

കടന്നുചെല്ലുവാനും ആശ്വസിപ്പിക്കാനും കഴിയാത്തവിധം അകലങ്ങളിലായിരുന്നവരെ – അത് അവരുടെ കുറ്റം കൊണ്ടായിരുന്നാൽ തന്നെയും – ആശ്വസിപ്പിക്കാൻ എന്റെ പ്രാർത്ഥനയുടെ തണൽ അവിടെ എത്തിയിരുന്നോ? പത്രോസിന്റെ കണക്കു പുസ്തകത്തിൽ ഇത്തരം 'മണ്ടത്തര'ങ്ങളൊക്കെയേ കാണൂ. ആകാശമോക്ഷത്തിന്റെ വാതിൽ കടന്ന് പരിശുദ്ധ ത്രിത്വത്തിന് ഹല്ലേലൂയ്യ പാടണമെങ്കിൽ ഇവയ്ക്കൊക്കെയും ശരിയായ ഉത്തരം നൽകിയേ പറ്റൂ. ന്യായീകരണങ്ങൾക്കു സ്വർഗ്ഗത്തിന്റെ കവാടത്തിൽ സ്ഥാനമില്ല. 'അത് അതുകൊണ്ടാ... ഇങ്ങനെയേ പറ്റുമായിരുന്നുള്ളൂ... ഇത്രയൊക്കെ ചെയ്തില്ലേ...' നീ ചെയ്യേണ്ടതു ചെയ്തോ? ചെയ്യേണ്ടതുപോലെ ചെയ്തോ? ഫലം എന്തുമാകട്ടെ ദൈവഹിതമനുവർത്തിക്കാനുള്ള ആത്മാർത്ഥമായ പരിശ്രമത്തിനാണ് ദൈവം മാർക്കു നൽകുന്നത്. ഞാൻ ചെയ്യേണ്ടതൊക്കെ വേണ്ടവിധം ചെയ്തു എന്നതാണോ ഉത്തരം? അല്ലെങ്കിൽ സ്വയം തെളിച്ച വഴിയിലൂടെ നാം താഴേക്കു നിപതിക്കും.

വെറുതേ തണലേകാനാവില്ല. കാറ്റിലുലയാതെ നല്ല തണൽ നൽകണമെങ്കിൽ വേര് ആഴത്തിൽ ഇറങ്ങിയിരിക്കണം. അവിടെ പലതുമുണ്ട്. വേണ്ടതു മാത്രമേ വലിച്ചെടുക്കാവൂ. അല്ലെങ്കിൽ നശിക്കും. ജീവന്റെ ജലം അവിടെ സമൃദ്ധിയായി ഒഴുകുന്നുണ്ട്. വേണ്ടത്ര ശേഖരിക്കണം. കൂദാശകളുടെ മുടക്കം കൂടാതെയുള്ള സ്വീകരണം, ആത്മാർത്ഥമായ പ്രാർത്ഥന, സഭയോടു ചേർന്നുള്ള ജീവിതം ഇവയൊക്കെ ആത്മീയജീവിതത്തിനു കരുത്തേകും. ആ ശക്തി ഭൗതികജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യും. ഇല്ലെങ്കിൽ വേരുറയ്ക്കാതെ നശിക്കും. ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കാനാകാതെ മനുഷ്യരാൽ നിന്ദിതരായ നമ്മെ നോക്കി സുവിശേഷം തീർച്ചയായും ആവർത്തിക്കും... "ആ വീഴ്ച്ച വലുതായിരുന്നു" (മത്താ 7,27).

അനുകരണഭ്രമം ഏറിവരുന്ന ഈ കാലത്ത് നാമും വെറുതെയിരുന്നുകൂടാ. അനുകരിക്കണം, ദിവ്യഗുരുവിനെ. അവൻ കാലത്തിന്റെ മാറ്റങ്ങളിൽ നിന്നും ഓടിയൊളിച്ചവനായിരുന്നില്ല. ആഘോഷങ്ങളിലെല്ലാം അവൻ സജീവസാന്നിധ്യമായിരുന്നു. ഒപ്പം, വിശന്നവർക്ക് തന്റെ ഇല്ലായ്മയിൽനിന്നും അവൻ വിരുന്നൊരുക്കി. കഴിവും സിദ്ധിയും സ്വന്തം ഉദരപൂരണത്തിന് അവൻ വിനിയോഗിച്ചില്ല. അല്ലെങ്കിൽ വിശന്നുവലഞ്ഞ ശിഷ്യന്മാർ വയലിലെ കതിരു പറിച്ചു തിന്നുമായിരുന്നില്ലല്ലോ. അവനും കൂട്ടർക്കും അന്തിയുറങ്ങാൻ ഇടമില്ലായിരുന്നു. പരാതിപ്പെട്ടില്ല ശ്ലീഹന്മാർ. കാരണം യഥാർത്ഥനിധി തങ്ങളുടെ കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു.

സമൂഹത്തോടൊപ്പം നിന്ന്, സമൂഹത്തിന്റെ തിന്മകളെ മുഖം നോക്കാതെ എതിർത്ത്, പിതാവിന്റെ കരം മുറുകെ പിടിച്ചുള്ള യാത്ര. പറ്റുമോ ഇതുപോലെ മാതൃകയായ ഒരു ജീവിതം നയിക്കാൻ? എന്റെ പ്രാർത്ഥനാജീവിതം കണ്ട് പ്രാർത്ഥിക്കാൻ പ്രേരിതരാകുന്ന കുടുംബാംഗങ്ങൾ, ക്ഷമയും സ്നേഹവും നിറഞ്ഞ കുടുംബാന്തരീക്ഷം, ഉത്തമമായ അയൽപക്കബന്ധങ്ങൾ, സഭാധികാരികൾക്കു വിധേയപ്പെട്ട ജീവിതം.... സാധിക്കും – ഈശോയെ മുറുകെപ്പിടിച്ചാൽ. തെറ്റുപറ്റുമ്പോൾ 'ഈശോയെ തെറ്റിപ്പോയി...' എന്ന് ഹൃദയത്തിൽ നിന്നും പറഞ്ഞാൽ... പരീക്ഷിച്ചുനോക്കണം. തമ്പുരാന്റെ കൃപ സമൃദ്ധമായി ഒഴുകുന്നതു കാണാം. എങ്കിൽ ഫലം ശേഖരിക്കാൻ തമ്പുരാൻ വരുമ്പോൾ 'നൂറുമേനി ഞാൻ തരാം' എന്നു സധൈര്യം നമുക്കു പറയാം. ആത്മാവിന്റെ ഫലങ്ങൾ – സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം, (ഗലാ 5,22) – ഏതെങ്കിലും ഒന്ന് ജീവിതത്തിൽ ആഴപ്പെടുത്താൻ പ്രതിജ്ഞയെടുക്കാം. ആത്മാർത്ഥമായി പരിശ്രമിക്കാം. മറ്റെല്ലാം തമ്പുരാൻ തരും.



# ഞാൻ മെത്രാൻ

**ഫാ. ഷിബു പുളിക്കൽ**, നെരൂൾ, കല്യാൺ

“സഭ എന്റേതല്ല, കർത്താവിന്റേതാണ്, അതിനാൽത്തന്നെ ഈ സഭാനൗക ആഴങ്ങളിൽ മുങ്ങിത്താഴാൻ അവൻ അനുവദിക്കുകയില്ല. കാരണം അവനാണ് വള്ളത്തിന്റെ അമരത്ത്”. ഇതു പറഞ്ഞത് പരിശുദ്ധ പിതാവ് ബെനഡിക്റ്റ് പതിനാറാമൻ പാപ്പയാണ്. പറഞ്ഞതു തന്റെ ജീവിതത്തിലൂടെ പ്രവർത്തിച്ചു കാണിച്ച മഹത്വ്യക്തിയാണ് അദ്ദേഹം. ഇത്രയും അസാധാരണമായ ഒരു തീരുമാനം എടുക്കുവാൻ വിനയവും എളിമയും ദൈവാശ്രയബോധവും ഇല്ലാത്ത ഒരാൾക്ക് സാധിക്കുകയില്ല. എളിമയുണ്ടങ്കിലേ സമൂഹത്തിലെ താഴ്ന്നവരെന്ന് സമൂഹം മുദ്ര കുത്തിയിരിക്കുന്നവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുവാനും അവരെ വീട്ടിലേക്കു ക്ഷണിക്കുവാനും അവരൊരുമിച്ചു ഭക്ഷിക്കാനും കഴിയൂ.

ചേട്ടനും അനിയനും, അച്ചനും കപ്യാരുമായി കളിക്കുകയാണ്. ചേട്ടനാണ് അച്ചൻ, അനിയൻ കപ്യാർ. കുറെ നേരമായി ഈ കളി തുടങ്ങിയിട്ട്. കുറച്ചു കഴിഞ്ഞപ്പോൾ അനിയൻ ചേട്ടനോടു പറഞ്ഞു: “ഇനി ഞാൻ കുറച്ചുനേരം അച്ചനാകാം”. ചേട്ടൻ പറഞ്ഞു: “അതിന് നിനക്കു യോഗ്യതയില്ല. ഞാൻ അച്ചൻ, നീ കപ്യാർ”. അനിയൻ കിടന്നു നിലവിളിക്കാൻ തുടങ്ങി. കരച്ചിൽ കേട്ട് അമ്മയെത്തി. അമ്മയുടെ മദ്ധ്യസ്ഥശ്രമങ്ങൾ പരാജയപ്പെട്ടു. അപ്പന്റെ മുമ്പിൽ പരാതിയെത്തി. അപ്പൻ കല്പിച്ചു, കുറച്ചു നേരം അനിയൻ അച്ചനാകട്ടെ. ഉടനെ ചേട്ടൻ പറഞ്ഞു: “അവൻ അച്ചനായിക്കോട്ടെ, ഞാൻ മെത്രാൻ” ചേട്ടൻ കപ്യാരാകാൻ തയ്യാറല്ല!

താഴ്ന്നു കൊടുക്കാൻ ആരും ഇന്നു തയ്യാറല്ല. കുടുംബത്തിൽ ഭർത്താവ് ഭാര്യയുടെ മുമ്പിൽ തോറ്റുകൊടുക്കില്ല. ഭാര്യയും വിട്ടുകൊടുക്കാൻ തയ്യാറല്ല. ആരാണ് വലിയവൻ എന്നതാണ് എല്ലായിടത്തെയും പ്രശ്നം. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും എന്ന ഗുരുമൊഴി ഓർമ്മിക്കണം. കുറുനരികൾക്കു മാളങ്ങൾ ഉള്ളപ്പോഴും തലചായ്ക്കാൻ ഇടമില്ലാത്തവനായിരുന്നു മിശിഹാ. നികുതി അടയ്ക്കുവാനുള്ള രണ്ടു ചെമ്പു തുട്ടുപോലും കയ്യിലില്ലാത്തവൻ. ഈശോയാണ് എളിമയുടെ ഉദാത്ത മാതൃക. അവിടുന്നു പറഞ്ഞു: “ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണ്” (മത്താ 11,29). ഈശോയുടെ ഹൃദയത്തിൽ എല്ലാവർക്കും സ്ഥാനമുണ്ടായിരുന്നു. ജീവിതത്തിന്റെ വിളുമ്പുകളിൽ താമസിക്കുന്നവർ മുതൽ ധനികരും പണ്ഡിതരും വിമർശകരും പ്രോത്സാഹിപ്പിച്ചവരും അവിടുത്തേക്ക് ഒരുപോലെ ആയിരുന്നു. തിരിച്ചുകിട്ടും എന്നു കരുതി അവിടുന്ന് ഒന്നും ചെയ്തില്ല. അങ്ങനെ പ്രവർത്തിച്ചാൽ സ്വർഗ്ഗത്തിൽ പ്രതിഫലമുണ്ടെന്നും അവിടുന്നു പഠിപ്പിച്ചു. നമ്മുടെ ചിന്തകളെയും പ്രവൃത്തികളെയും സ്വർഗ്ഗത്തിലേക്കുയർത്താം; എളിമയുടെ ചെറു സുകൃതങ്ങൾ വഴി.



# ആനന്ദിച്ച് ആഹ്ലാദിക്കുവിൻ

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

സഭാതനയർക്ക് കാലാകാലങ്ങളിൽ പരിശുദ്ധ പിതാക്കന്മാർ ഉദ്ബോധനങ്ങൾ (exhortations) നൽകുന്ന പതിവുണ്ട്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് പ്രചോദനാത്മകവും ഭാവാത്മകവുമായ സഭാദർശനങ്ങളാണ് ഈ ഉദ്ബോധനങ്ങളിലൂടെ വിശ്വാസികൾക്ക് മാർപാപ്പ പകർന്നുനൽകുന്നത്. പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ ഇത്തരത്തിലുള്ള മൂന്ന് ഉദ്ബോധനങ്ങൾ നല്കിയിട്ടുണ്ട്. Evangelii Gaudium -2013 (The Joy of the Gospel-സുവിശേഷത്തിന്റെ സന്തോഷം); Amoris Laetitia-2016 (The Joy of Love-സ്നേഹത്തിന്റെ സന്തോഷം); Gaudete et Exsultate-2018 (Rejoice and be Glad-ആനന്ദിച്ച് ആഹ്ലാദിക്കുവിൻ). സഭയിലെ എല്ലാ വിശ്വാസികൾക്കുമായി 2018 മാർച്ചു മാസം 19-ാം തീയതി ഫ്രാൻസിസ് പാപ്പാ ഒപ്പുവച്ച് 2018 ഏപ്രിൽ മാസം 9-ാം തീയതി സാർവ്വത്രികസഭയ്ക്ക് ഔദ്യോഗികമായി നൽകിയ ഉദ്ബോധനമാണ് "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ".

അനുദിന ജീവിതസാഹചര്യങ്ങളിൽ എങ്ങനെ വിശുദ്ധി കൈവരിക്കാമെന്ന് പറഞ്ഞുനൽകിക്കൊണ്ട് എല്ലാവരെയും വിശുദ്ധിയിലേക്കു ക്ഷണിക്കുന്നതാണ് ഈ പ്രബോധനം. തന്റേതായ സ്ഥിതിവിശേഷങ്ങളിൽ ഒരു വ്യക്തിക്ക് എപ്രകാരം വിശുദ്ധിനേടാമെന്ന് പഠിപ്പിക്കുന്ന ഒരു സംഗ്രഹഗ്രന്ഥമാണിത്. അഞ്ച് അധ്യായങ്ങളാണ് ഈ പ്രബോധനത്തിനുള്ളത്. വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചും വിശുദ്ധിയുടെ ശത്രുക്കളെക്കുറിച്ചും ഗുരുവിന്റെ പ്രകാശത്തിൽ നടക്കേണ്ടതിനെക്കുറിച്ചും ഇന്നത്തെ ലോകത്തിലെ വിശുദ്ധിയുടെ അട

യാളങ്ങളെക്കുറിച്ചും ആത്മീയപോരാട്ടത്തെയും ജാഗ്രതയെയുംകുറിച്ചും ഓരോ അദ്ധ്യായവും യഥാക്രമം പ്രതിപാദിക്കുന്നു.

'നിങ്ങൾ ആനന്ദിച്ച് ആഹ്ലാദിക്കുവിൻ...' (മത്താ 5,12) എന്ന വചനഭാഗത്തെ അടിസ്ഥാനമാക്കിയാണ് ഈ പ്രബോധനം പാപ്പാ നൽകുന്നത്. ദൈവികാനന്ദം സ്വീകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന എല്ലാവരും ഇടത്തരവും ലഘുവായതുമായ അസ്തിത്വങ്ങളിൽ സംതൃപ്തികണ്ടെത്താതെ വിശുദ്ധിയുടെ വഴികളിലൂടെ സഞ്ചരിച്ച് വിശുദ്ധി നേടണമെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. "എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായി വർത്തിക്കുക" (ഉത്പ 17,1) എന്ന അബ്രാഹത്തോടുള്ള ദൈവത്തിന്റെ വാക്കുകളും, "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരും ആയിരിക്കുവാൻ ലോകസ്ഥാപനത്തിനുമുമ്പു തന്നെ അവിടുന്ന് നമ്മെ മിശിഹായിൽ തെരഞ്ഞെടുത്തു" (എഫേ 1,4) എന്ന പൗലോസ്ശ്ലീഹായുടെ വചനങ്ങളും ആവിഷ്കരിക്കുന്നത് ഈ വസ്തുതയാണ്.

എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവരാണ്. "നമുക്കായി നിശ്ചയിച്ചിരിക്കുന്ന ഈ ഓട്ടപ്പന്തയം സ്ഥിരോത്സാഹത്തോടെ നമുക്ക് ഓടിത്തീർക്കു"വാൻ (ഹെബ്രാ 12,1) സാധിക്കണം. വിശുദ്ധിയിലേക്കുള്ള ഈ യാത്രയിൽ ദൈവത്തെ അനുഭവിച്ചറിഞ്ഞ ഒരു വലിയ പറ്റം സാക്ഷികൾ നമുക്ക് മാതൃകയും പ്രചോദനവുമായി നിലകൊള്ളുന്നുണ്ട്. വിശുദ്ധ ഗ്രന്ഥത്തിൽ വിവരിക്കപ്പെടുന്ന അബ്രാഹവും സാറായും മോശയുമൊക്കെ നമ്മുടെ വിശുദ്ധിയിലേക്കുള്ള പ്രയാണത്തിൽ പ്രചോദനം നൽകുന്ന വ്യക്തികളാണ്. നമ്മുടെ കുടുംബങ്ങളിൽ 'കർത്താവിന് പ്രിയപ്പെട്ടവരായി' ജീവിക്കുന്ന, ദൈവഭയത്തോടും ദൈവികവിശ്വസ്തതയോടുംകൂടി ജീവിക്കുന്ന, നമ്മുടെ സ്വന്തം അമ്മമാരും വല്യമ്മമാരുമൊക്കെ അവരുടെ അപൂർണ്ണതകൾക്കിടയിലും ഇത്തരത്തിൽ പ്രചോദനം നൽകുന്ന വിശുദ്ധരായ വ്യക്തികൾ തന്നെയാണ്.

വിരോചിതമായ സുകൃതജീവിതത്തിലൂടെയും സ്വന്തം ജീവൻ നൽകിക്കൊണ്ട് കർത്താവിനുവേണ്ടി ജീവിക്കുന്നതിലൂടെയും ജീവിതം മറ്റുള്ളവർക്കായി പൂർണ്ണമായി അർപ്പിക്കുന്നതിലൂടെയും വിശുദ്ധിയുടെ കിരീടമണിഞ്ഞ വാഴ്ത്തപ്പെട്ടവരും വിശുദ്ധരുമുണ്ട്. മിശിഹായെ ശ്രേഷ്ഠമായി അനുകരിച്ചവരെ സഭ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

വിശുദ്ധരായി നാമകരണം ചെയ്യപ്പെട്ടവരെക്കുറിച്ചുമാത്രം ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യാതെ 'സമീപസ്ഥരായ വിശുദ്ധരെ'ക്കുറിച്ച് ചിന്തിക്കാനും മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഏറെ സ്നേഹത്തോടും അതിലേറെ ഇഷ്ടത്തോടുംകൂടി കുഞ്ഞുങ്ങളെ വളർത്തി വലുതാക്കാൻ പരിശ്രമിക്കുന്ന മാതാപിതാക്കളും, കഠിനാധ്വാനത്തിലൂടെ കുടുംബത്തെ പരിപാലിക്കുവാനും സംരക്ഷിക്കുവാനും വേണ്ടി ജോലിചെയ്യുന്നവരും, നിഷ്കളങ്കവും നിർമ്മലവുമായ ഹൃദയത്തോടെ ജീവിച്ചുകൊണ്ട് മുഖത്തെ പുഞ്ചിരി മായ്ക്കാതെ വിശുദ്ധിയിൽ ചരിക്കുന്ന വൃദ്ധസന്ന്യസ്തരുമൊക്കെ സമീപസ്ഥരായ വിശുദ്ധർതന്നെയാണ്. നമ്മുടെ കൂടെത്തന്നെ ജീവിച്ചുകൊണ്ട് ദൈവസാന്നിദ്ധ്യത്തെ നമുക്കു കാണിച്ചുതരുകയും വിശുദ്ധിയിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ ഉദാത്തമാതൃക നല്കുകയും ഉത്തേജനം പകരുകയും ചെയ്യുന്ന 'വിശുദ്ധിയുടെ മദ്ധ്യവർഗ്ഗം' ആണ് ഇവരെല്ലാവരും. വിശുദ്ധിയുടെ അടയാളങ്ങൾ സമൂഹത്തിലെ എളിയ വ്യക്തികളിലൂടെയും കർത്താവ് നമുക്കു കാണിച്ചുതരും. അത് സ്വീകരിക്കാനും മാതൃകയാക്കാനും അതിലൂടെ വിശുദ്ധിയിലേക്കു യാത്രചെയ്യുവാനും നമുക്ക് സാധിക്കണം.

(തുടരും)

അനുദിന ജീവിതസാഹചര്യങ്ങളിൽ എങ്ങനെ വിശുദ്ധി കൈവരിക്കാമെന്ന് പറഞ്ഞു നൽകിക്കൊണ്ട് എല്ലാവരെയും വിശുദ്ധിയിലേക്കു ക്ഷണിക്കുന്നതാണ് ഈ പ്രബോധനം. തന്റേതായ സ്ഥിതിവിശേഷങ്ങളിൽ ഒരു വ്യക്തിക്ക് എപ്രകാരം വിശുദ്ധിനേടാമെന്ന് പഠിപ്പിക്കുന്ന ഒരു സംഗ്രഹഗ്രന്ഥമാണിത്.

ഒരു ദീർഘയാത്രയിലാണ് അമ്മച്ചിയെ പരിചയപ്പെടുവാൻ ഇടയായത്. ഇളയമകളുടെ വീട്ടിലേക്കുള്ള യാത്രയിലായിരുന്നു അമ്മച്ചി. കുടുംബനാഥൻ മരിച്ചിട്ട് ഏതാനും വർഷങ്ങ ളായി. മൂന്ന് മക്കൾ. പെൺമക്കളെ രണ്ടുപേരേയും കെട്ടിച്ചയച്ചു. ഏകമകനോടും മരുമകളോടും ഒപ്പമാണ് താമസം. മകന് പ്രത്യേക ജോലിയൊന്നുമില്ല, കിട്ടുന്ന എന്തുപണിയും ചെയ്യും. എത്ര കിട്ടിയാലും അവന്റെ മദ്യപാനത്തിന് തികയില്ലെന്നു മാത്രം. മരുമകൾക്ക് വീടിനടുത്തുള്ള സൂപ്പർ മാർക്കറ്റിൽ ചെറിയ ജോലിയുണ്ട്.

# കരവലയം



**ഷീലമ്മ പൂതക്കുഴി**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

അമ്മ തന്റെ വേദനകളുടെ ഭാണ്ഡം എന്റെ മുമ്പിൽ കണ്ണീരോടെ തുറന്നു വച്ചു. മകനും മകളും രാവിലെ ജോലിക്കിറങ്ങും. പാൻക്രിയാസ് സംബന്ധമായ അസുഖങ്ങളും പ്രഷറും ഷുഗറും കൊളസ്ട്രോളുമെല്ലാമുള്ള നിത്യരോഗിയായ അമ്മ പകലന്തിയോളം തനിച്ചാണ് വീട്ടിൽ. രാവിലെ ഒരു കഞ്ഞിവയ്ക്കുന്നതാണ് മരുമകൾ ആകെ ചെയ്യുന്ന ജോലി. കുടുംബത്തിലെ ബാക്കി സകല പണികളുടെയും കുത്തകാവകാശം അമ്മയ്ക്കു വിട്ടുനല്കി മരുമകൾ ഉദ്യോഗ ത്തിനുപോകും. വൈകുന്നേരം അവർ തിരികെ വരുമ്പോൾ, കാപ്പിവരെ എടുത്ത് മേശപ്പുറത്ത് വച്ചിരിക്കണമെന്നതാണ് 'ഓർഡർ'. എങ്ങാനും അതൊന്നു തെറ്റിയാൽ, കിഴക്കോട്ടുള്ള വീടിന്റെ ദർശനം അവളെടുത്ത് പടിഞ്ഞാറോട്ടു തിരിച്ചു വയ്ക്കും! ആ ഭൂകമ്പം ഭയന്ന്, ആകാവുന്നതില പ്പുറവും കഷ്ടപ്പെടുകയാണ് ആ അമ്മ. കണ്ണുകൾ നിറഞ്ഞൊഴുകവേ അമ്മച്ചി പറഞ്ഞു: "എന്റെ മകന്റെ കല്യാണം കഴിഞ്ഞിട്ട് 10 വർഷമായി. ഇതുവരെ അവർക്കൊരു കുഞ്ഞില്ല. കുടുംബ പ്രാർത്ഥന എന്നൊന്ന്, എന്റെ കുടുംബത്തിലില്ല. പ്രാർത്ഥിക്കാൻ എന്റെ മകന് ഒരിക്കലും സമ യമില്ല. പിന്നെ എങ്ങനെ കുടുംബത്തിൽ ദൈവാനുഗ്രഹമുണ്ടാകും? ഞാൻ തനിയെ, കട്ടിലിലി രുന്ന് കൊന്ത എത്തിക്കും. ഞാൻ മാത്രം പ്രാർത്ഥിച്ചാൽപോരല്ലോ, കുടുംബത്തിൽ സമാധാന മുണ്ടാകാൻ..."

അമ്മച്ചിയുടെ വേദനയ്ക്കുമുമ്പിൽ എനിക്കു വാക്കുകളില്ലായിരുന്നു. അല്ലെങ്കിലും കേൾക്കേണ്ടവർ കേൾക്കാനില്ലാതെ, അമ്മച്ചിയെ ഉപദേശിച്ചിട്ട് എന്തുകാര്യം? ദൈവവിചാരമില്ലാത്ത മകനും, അവന് ചേരുന്നൊരു മരുമകളും! കുടുംബ സമാധാനം കീഴ്മേൽ മറിയാൻ ഇതിൽക്കൂടുതൽ എന്താണു വേണ്ടത്?

ഒന്നോർക്കുക- മാമ്മോദീസാ മുങ്ങിയതുകൊണ്ടുമാത്രം ഒരുവൻ ക്രിസ്ത്യാനിയാകുന്നില്ല. ക്രിസ്ത്യാനിയെന്ന വാക്കിന് യോജിക്കുന്ന ഒരു ജീവിതം നയിക്കാത്തവനെ ക്രിസ്ത്യാനിയെന്ന് എങ്ങനെ വിളിക്കും? മാമ്മോദീസായിലൂടെ പകർന്നുകിട്ടിയ ക്രിസ്തീയ വിശ്വാസത്തിന്റെ 'കനൽ' കെട്ടുപോകാതെ, കത്തിജ്വലിപ്പിക്കാൻ നിരന്തരം യത്നിക്കുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി.

കുടുംബം ഗാർഹിക സഭയാണ്. കൂടുമ്പോൾ 'ഇമ്പം' ഏറുന്നതാണ്. കുടുംബജീവിതത്തിന് അതിന്റേതായ ഒരു താളലയമുണ്ട്. അവിടെ ശ്രുതിഭംഗം വരാതെ കാത്തുസൂക്ഷിക്കുക എന്നത് കുടുംബാംഗങ്ങളുടെ കൂട്ടുത്തരവാദിത്വമാണ്. രണ്ടു കുടുംബത്തിലുള്ള, രണ്ടു വ്യത്യസ്ത വ്യക്തികളെ വിവാഹമെന്ന കൂദാശയിലൂടെ ഒന്നിപ്പിക്കുന്നത് ദൈവമാണ്. ദൈവത്തോടൊപ്പം തുടക്കംകുറിച്ച യാത്രയുടെ പാതിവഴിയിൽ, ദൈവത്തെ ഉപേക്ഷിച്ച്, സ്വന്തമായി യാത്രചെയ്താൽ, ആ യാത്ര ഒരിക്കലും ശുഭപര്യവസായി ആയിരിക്കുകയില്ല. സമ്പന്നതയിലും സമൃദ്ധിയിലുമല്ല കുടുംബസമാധാനം നിലകൊള്ളുന്നത്. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട്, പരാതികൾ കൂടാതെ, പങ്കുവയ്ക്കുന്ന, പരസ്പരം മനസിലാക്കുന്ന ജീവിതം നയിക്കണമെങ്കിൽ ദൈവാനുഗ്രഹം കൂടിയേ തീരൂ. അതിന് വലിയ കണ്ടുപിടുത്തങ്ങളൊന്നും നടത്തേണ്ട ആവശ്യമില്ല, നിത്യേനയുള്ള കുടുംബപ്രാർത്ഥനയും, പരസ്പര സ്നേഹവും പങ്കുവയ്ക്കലും മാത്രം മതി.

"ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനിൽക്കും" എന്ന തത്ത്വം മറക്കാതിരിക്കുക. കുടുംബപ്രാർത്ഥനയിൽനിന്നും കരുത്താർജ്ജിച്ച്, ദൈനംദിന ജീവിതവും ജോലി ഭാരവും ജീവിതം വച്ചുനീട്ടുന്ന കഷ്ടപ്പാടുകളും ഏറ്റെടുക്കുക. ജീവിതം കർത്താവിനു ഭരമേല്പിച്ചാൽ, ബാക്കിയെല്ലാം അവിടുന്ന് ഭദ്രമാക്കിക്കൊള്ളും. ദൈവകരത്തെ കൂടാതെയുള്ള യാത്ര അപകടത്തിലേ അവസാനിക്കൂ എന്ന തിരിച്ചറിവുണ്ടാകണം.

ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിതത്തോണി തുഴയുക. ദൈവത്തെ കൂട്ടുപിടിച്ചാൽ അമരത്ത് കാവലായി അവനുണ്ടാകും. നിന്റെ തോണിയിൽ അവനൊരിക്കലും ഉറങ്ങാതിരിക്കട്ടെ. ഉണർവുള്ള കാവൽക്കാരനായി, ഉറ്റ ചങ്ങാതിയായി, താങ്ങുന്ന കരമായി, ഒന്നു ചായുവാൻ ചുമലായി, അവനെന്നും നമ്മുടെ ചാരത്തുണ്ടാവട്ടെ.

## Spirituality Centre Programme

**August**

| | |
|---|---|
| 04 | Social Animators |
| 07 | Bible Study Forum |
| 07-08 | Cenacle Gathering (Sodales & Aspirants) |
| 11 | School of Bible |
| 18 | Recollection for Oblates |
| 25-30 | Retreat |

**September**

| | |
|---|---|
| 08 | School of Bible |
| 15 | Recollection for Oblates |
| 16-21 | Retreat |
| 24 | Bible Study Forum |
| 24-25 | Cenacle Gathering (Sodales & Aspirants) |
| 25 | Maximalism Family Day |

സ്നേഹം: പാഠവും പഠനവും-5

# ദൈവത്തോടുള്ള സൗഹൃദം

**റവ. ഡോ. ജേക്കബ് കോയിപ്പള്ളി**
**കാനാ, തുരുത്തി**

**യഥാർത്ഥത്തിൽ ദൈവത്തോടുള്ള സൗഹൃദം എന്തിലടങ്ങിയിരിക്കുന്നു?**

സ്നേഹബന്ധത്തിൽ നാം എപ്പോഴും അന്വേഷിക്കുന്നത് സ്നേഹിതന്റെ നന്മയാണ്. എങ്ങനെയാണ് ദൈവനന്മ അന്വേഷിക്കുന്നത്? നമ്മൾ എപ്പോഴും നമ്മുടെ ആവശ്യങ്ങൾ ദൈവത്തോടു പറയുകയാണല്ലോ. ദൈവത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതാണ് നാം ദൈവത്തിനു ചെയ്യുന്ന നന്മ. ഈ ഭൂമിയിൽ നന്മകളുടെ വ്യാപനത്തിനായി ദൈവം നമ്മുടെ നന്മകളെ ഉപയോഗിക്കുന്നു. ദൈവത്തിന്റെ ഉപയോഗത്തിനായി നാം നമ്മുടെ നന്മകൾ സമർപ്പിക്കുന്നതാണ് ദൈവത്തിനായി നാം ചെയ്യുന്ന നന്മ.

**ദൈവം സുഹൃത്താകുമ്പോൾ:**

⇨സ്നേഹവളർച്ചയിൽ നാം എന്തായിത്തീരുവാൻ അവൻ ആഗ്രഹിക്കുന്നുവോ അതുവരെ അവൻ നമ്മെ അടിക്കുകയും പരത്തുകയും ചെയ്യട്ടെ.

⇨ദൈവത്തിന്റെ നന്മയിലുള്ള നമ്മുടെ ഒരു കുതിച്ചു ചാട്ടം അതിൽ സംഭവിക്കും.

**സ്നേഹത്തിൽ വളരുമ്പോൾ:**

⇨ശരിയായ സ്നേഹത്തിൽ വ്യാപരിക്കുവാൻ നാം ശരിയായതു തിരഞ്ഞെടുക്കുക. നമ്മുടെ സ്നേഹം നമ്മെ സന്തോഷമുള്ളവരും നന്മയുള്ളവരും ആക്കണം. വികാരങ്ങൾ സ്നേഹകേന്ദ്രത്തിലേക്കുള്ള യാത്രയിലെ അന്വേഷകരാണ്.

⇨ബലഹീനതകളും വീഴ്ചകളും മനുഷ്യപ്രകൃതത്തിൽ അന്യമായിട്ടുള്ളതല്ല. എന്നാൽ എഴുന്നേൽക്കാൻ ആകുമെന്നുള്ളതും ദൈവകരുണയിൽ ബലഹീനതകൾക്കുമേൽ വിജയം പ്രാപിക്കാനാകുമെന്നുള്ളതും നമ്മുടെ ചെറുജീവിതങ്ങളുടെ അനുഭവമാണ്.


**സ്നേഹത്താൽ പ്രേരിതനായി ചരിക്കുന്നവന്റെ ബലഹീനതകളുടെമേലുള്ള വിജയം എന്താണ്?**

⇨അത് ദൈവത്തിന്റെ കരുതലിലുള്ള ഉറപ്പാണ് - കരിപുരണ്ട പാത്രംപോലെ ദേഹമാകെ കരിയിൽ മുങ്ങുമ്പോഴും ദൈവത്തിന്റെ കരങ്ങൾ എന്നെ രക്ഷിക്കാനാവാത്തവിധം കുറുകിപ്പോയിട്ടില്ല എന്നുള്ള ഉറപ്പ്; ദൈവത്തിലാശ്രയിക്കാനുള്ള ആത്മകരുത്ത്; നമ്മെ കീഴ്പ്പെടുത്താത്ത അകലത്തേക്കു നിരാശ മാറ്റിനിർത്താനുള്ള തന്റേടം; തന്റെ കുറവുകൾ ദൈവത്തോട് ഏറ്റുപറയുന്ന വിനയഭാവം; ദൈവത്തെക്കൂടാതെ ഒന്നും കഴിയില്ല എന്ന തിരിച്ചറിവ്; ദൈവമെന്ന സ്നേഹപ്രഭാവത്തിലേക്ക് ഇനിയും കൂടുതൽ ഏകാഗ്രതയോടെ നീങ്ങുവാനുള്ള ദാഹം. ഇതൊക്കെ ബലഹീനതയിൽ, മനുഷ്യൻ നേടുന്ന വിജയമാണ്, അഥവാ, ബലഹീനതയിൽ കർത്താവിന്റെ ശക്തി പ്രകടമാകുന്ന അവസരമാണ്.

ഒരു വീട്ടിൽ വിരുന്നിനിരുന്നപ്പോൾ അവന്റെ അടുക്കലെത്തിയ പാപിനിയെ ഓർമ്മിക്കുക. അതിലെ ഏറ്റം ഇമ്പമായ സ്വരം 'ഇവൾ അധികം സ്നേഹിച്ചു; അതിനാൽ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടു' എന്നുള്ളതാണ്. അധികം സ്നേഹിക്കുക, എല്ലാം സ്നേഹത്തിൽ ചെയ്യുക എന്നുള്ളതിനെക്കാൾ വലിയ ആത്മീയതയോ ധാർമ്മികതയോ ഇല്ല. 'ഞാൻ നിങ്ങളെ

> ശരിയായ സ്നേഹത്തിൽ വ്യാപരിക്കുവാൻ നാം ശരിയായതു തിര ഞ്ഞടുക്കുക. നമ്മുടെ സ്നേഹം നമ്മെ സന്തോഷമുള്ളവരും നന്മയുള്ളവരും ആക്കണം.

സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു'. അവൻ തന്ന സ്നേഹമാതൃക പാദം കഴുകലിന്റേതാണ്. യൂദാസിന്റെ പാദം കഴുകിയാണ് ഈശോ പെസഹാ ആഘോഷിച്ചത്. ആ കൂട്ടായ്മയിൽ എല്ലാവരും സ്നേഹത്തിൽ നിമഗ്നരായിരുന്നു, ഒരാളൊഴികെ. സ്നേഹത്തിൽ നിറയുന്ന വൈദികനും ആശ്രമിയും ദൈവകരങ്ങളിലാണ്. സ്നേഹിച്ച് പ്രാർത്ഥിക്കാത്തപ്പോൾ തിരുവോസ്തി കൈയിലായിരിക്കുമ്പോഴും നാം സ്നേഹത്തിൽ നിന്നും എത്രയോ അകലങ്ങളിലാണ്. നിർഭാഗ്യവശാൽ, നാം കരങ്ങളാൽ വേലികെട്ടി സ്നേഹകേന്ദ്രത്തിലേക്കുള്ള ഹൃദയത്തിന്റെ ഒഴുക്കിനു തടസ്സം സൃഷ്ടിക്കുന്നു.






## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# കാവലാൾ- 8

ജാൻസിറ്റീച്ചർ
കറുകപ്പറമ്പിൽ

നിമ്മി അന്നു സ്കൂളിൽ ചെന്നപ്പോൾ മുതൽ ഡസ്കിൽ തലചേർത്തു കിടപ്പിലായിരുന്നു. കൂട്ടുകാരികൾ കാര്യങ്ങൾ അന്വേഷിച്ചപ്പോഴെല്ലാം തലവേദനയാണെന്നു പറഞ്ഞ് അവൾ അവരെ ഒഴിവാക്കി. കംപ്യൂട്ടർ ക്ലാസിലും അവൾ ഒന്നും ചെയ്തില്ല. ഉച്ചയ്ക്കു ഊണുകഴിഞ്ഞു ചാപ്പലിൽ വിസീത്തായ്ക്കു ചെന്നപ്പോൾ നിമ്മി അവിടെയിരുന്നു കരയുന്നതു സ്റ്റീനാ കണ്ടു. അവൾ കണ്ണടച്ചു പ്രാർത്ഥിച്ചു. മാതാവേ, ആ കൊച്ചിന്റെ സങ്കടമെന്താണെന്ന് എനിക്കറിയില്ല. പക്ഷേ നീ അവൾക്കാശ്വാസം കൊടുക്കണേ. നിമ്മി പുറത്തെത്തിയപ്പോൾ സ്റ്റീനാ അടുത്തുചെന്നു.

"നിമ്മി എന്തിനാ കരയുന്നത്?"

"സ്റ്റീനാ, നീ ഇവിടെയിരിക്ക്... എന്റെ വിഷമങ്ങൾ നീ ഒന്നു കേൾക്ക്".

"പറഞ്ഞോ, ഞാൻ പ്രാർത്ഥിക്കാം".

"സ്റ്റീനാ, ഇന്നലെ മമ്മിയും പപ്പയും കൂടി രാത്രിയിൽ വഴക്കുണ്ടാക്കി. മമ്മി രാത്രിയിൽ ഇറങ്ങിപ്പോയി... ഏതോ ആന്റീടെ വീട്ടിലാ".

"എന്തിനാ വഴക്കുണ്ടാക്കിയത്?"

"ശരിക്കും പ്രശ്നം ഞാനാ. ഞാൻ ചാറ്റുചെയ്ത ഫ്രണ്ടിനെച്ചൊല്ലി എന്നെ ഓരോന്നു പറഞ്ഞു. തിരിച്ചു ഞാനും എന്തൊക്കെയോ പറഞ്ഞു. പപ്പ മമ്മിയെ കുറ്റപ്പെടുത്തി. പെൺകൊച്ചിനെ വളർത്താൻ പഠിക്കണമായിരുന്നു എന്നു പറഞ്ഞു. അതു മമ്മിക്കു വലിയ വിഷമമുണ്ടാക്കി. ഞങ്ങൾ ഉറങ്ങിക്കഴിഞ്ഞപ്പോൾ മമ്മിയുടെ കാറുമെടുത്ത് മമ്മി പോയി. സ്റ്റീനാ, ഞാനിനി എന്തുചെയ്യും?"

"മമ്മിയുടെ കയ്യിൽ ഫോണില്ലേ?"

"ഫോണുണ്ട്. പക്ഷേ എടുക്കുന്നില്ല".

"നിമ്മീ, മമ്മിക്കറിയാത്ത ഏതെങ്കിലും നമ്പറിൽ നിന്നും വൈകിട്ട് വിളിച്ചു നോക്ക്. എന്നിട്ട് മമ്മിയോട് ക്ഷമ പറ. പെൺമക്കളെക്കുറിച്ച് അമ്മമാർക്ക് എത്ര ആധിയുണ്ടാകുമെന്ന് എനിക്കമ്മയില്ലാത്തതുകൊണ്ട് അറിയില്ല. പക്ഷേ എന്റെ വല്യമ്മച്ചി പറഞ്ഞ കഥകൾ ഞാൻ കേട്ടിട്ടുണ്ട്. ഞാനെന്തായാലും പ്രാർത്ഥിക്കും. വേറെ ആരോടും നിമ്മി ഇതു പറയണ്ടാ. ഇനിയെങ്കിലും ഫേസ്ബുക്കും ചാറ്റിങ്ങും വേണ്ടെന്നു വയ്ക്ക്. ഇപ്പോൾ പഠിക്കാനുള്ള കാലമല്ലേ?"

"ശരിയാ സ്റ്റീനാ".

ഉള്ളപ്പോൾ ഒന്നിന്റെയും വിലയറിയില്ല മനുഷ്യന്. ഇല്ലാതാകുമ്പോഴാ അറിയുന്നത്.

അന്ന് വൈകിട്ടത്തെ ഭക്ഷണം ഏതോ കല്യാണവീട്ടുകാർ നടത്തിയതായിരുന്നു. വിഭവസമൃദ്ധമായ ആ ഭക്ഷണത്തിൽ സ്റ്റീനാ പങ്കുചേർന്നില്ല. ആ സമയം അവൾ ചാപ്പലിൽ പ്രാർത്ഥനാപൂർവ്വം നിമ്മിക്കുവേണ്ടി വിശന്നിരുന്നു. ഗൊരേത്തിയമ്മ അവളെ വിളിക്കാൻ കുട്ടികളെ വിട്ടു. പക്ഷേ ഒരു പ്രത്യേക കാര്യത്തിനുവേണ്ടി ഭക്ഷണം വേണ്ടെന്നു വച്ചതാണെന്നു പറഞ്ഞപ്പോൾ സിസ്റ്റർ പിന്നെ അവളെ നിർബന്ധിച്ചില്ല.

പിറ്റേന്നു സ്കൂളിൽപോകാൻ തയ്യാറായിക്കൊണ്ടിരുന്നപ്പോൾ മാഗിസിസ്റ്റർ സ്റ്റീനായെ വിളിപ്പിച്ചു. "സ്റ്റീനാ അടുത്തയാഴ്ച്ച വികാരിയച്ചന്റെ

ഫീസ്റ്റാ. ഒരു നല്ല പാട്ടെഴുതി കുട്ടികളെ ഒന്നു പഠിപ്പിച്ചേക്കണം".

"ശരി സിസ്റ്റർ". മാഗിസിസ്റ്റർ ഇപ്പോൾ വലിയ ദേഷ്യമൊന്നും കാണിക്കാറില്ല. കുട്ടികൾ അടക്കം പറയും, ചിക്കൺ വന്നപ്പോൾ ദേഷ്യമെല്ലാം പഴുത്തു പോയതാണെന്ന്. പക്ഷേ ആ രോഗം സിസ്റ്ററിൽ വരുത്തിയ മാറ്റം പ്രാർത്ഥനകൊണ്ട് കിട്ടിയതാണെന്ന് വിശ്വസിക്കാനാണ് സ്റ്റീനായ്ക്ക് ഇഷ്ടം.

ബെല്ലടിക്കുന്ന നേരമായപ്പോഴാണ് അന്ന് നിമ്മി ക്ലാസിൽ വരുന്നത്. വന്നപാടെ അവൾ സ്റ്റീനായെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു. മറ്റു കുട്ടികൾ കഥയറിയാതെ വാപൊളിച്ചു. സ്റ്റീനായും നിമ്മിയും പുറത്തേക്കിറങ്ങി. സ്റ്റെയർകെയ്സിന്റെ താഴെയെത്തി.

"വന്നോ?"

"വന്നു... വന്നുവെന്നു മാത്രമല്ല... എന്നെ കെട്ടിപ്പിടിച്ച് ഒത്തിരി കരഞ്ഞു".

"പപ്പയോ?"

"സോറിപറഞ്ഞു. നിന്റെ പ്രാർത്ഥനകൊണ്ടാ".

"ഏയ് അതുമാത്രമല്ല... നിമ്മിയുടെ മനസും ക്ഷമ ചോദിച്ചില്ലേ... അതാ... ഇനിയെന്താ പ്ലാൻ"...

''ഒക്കെ ഉപേക്ഷിച്ചു.. ആവശ്യമില്ലാത്ത കൂട്ടൊന്നും വേണ്ടാ... നീ എന്നെക്കൂടി പ്രാർത്ഥിക്കാൻ പഠിപ്പിക്കാമോ?'

"അതെന്നാ പഠിക്കാനാ... നമ്മൾ വേണ്ടപ്പെട്ടവരോടു വർത്തമാനം പറയുന്നതുപോലെ നമ്മെ ഒത്തിരി സ്നേഹിക്കുന്ന ദൈവത്തോടു പറയാനുള്ളത് പറയുക. തിരിച്ചു വല്ലോം പറയുന്നെങ്കിൽ കേൾക്കുക".

"അതെങ്ങനാ തിരിച്ചു പറയുന്നത് കേൾക്കുന്നെ...?"

"ചിലപ്പോൾ ബൈബിളിൽനിന്നും കേൾക്കാം... ചിലപ്പോൾ ഹൃദയത്തിൽത്തന്നെ ആ ചെറിയ ശബ്ദം കേൾക്കാം. ശാന്തമായിരുന്നാൽ മതി മനസ്സ്".

"നീ അങ്ങനെ കേട്ടിട്ടുണ്ടോ...?"

"ഉം..."

"ഞങ്ങടെ വീട്ടിൽ അങ്ങനെ പ്രാർത്ഥനയൊന്നും ഇല്ല. പപ്പ ഓഫിസിൽനിന്നും നേരെ ക്ലബ്ബിലേക്കുപോകും. പിന്നെ പത്തു മണിയാകും വരുമ്പോൾ. മമ്മിയാണെങ്കിൽ ആ സമയം മുഴുവനും ടി.വിയുടെ മുമ്പിലായിരിക്കും. പിന്നെ ചേട്ടായി മുഴുവൻ കമ്പ്യൂട്ടറിന്റെ മുമ്പിലാ".

"ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനിൽക്കുമെന്നാ. നീ ഒരു കാര്യം ചെയ്യ്... കൃത്യം 7 മണിയാകുമ്പോൾ മുട്ടുകുത്തി കൊന്തചൊല്ല്. അതുകണ്ട് ബാക്കിയുള്ളവര് വന്നോളും".

"പക്ഷേ അതു വല്യ പ്രാർത്ഥനയല്ലേ?"

"ഏറിയാൽ അരമണിക്കൂർ. പക്ഷേ ജപമാലചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബത്തിന് മാതാവ് എത്ര അനുഗ്രഹങ്ങൾ തരുമെന്ന് അറിയുമോ!"

"ശരിക്കും എനിക്കറിയില്ല".

"ഞാനൊരു പുസ്തകം തരാം".

"ഞാനിന്നു മുതൽതന്നെ പ്രാർത്ഥിച്ചുതുടങ്ങും".

"ഞാനും ആ സമയത്ത് ഇവിടെ ചാപ്പലിലിരുന്ന് പ്രാർത്ഥിച്ചുകൊള്ളാം".

അന്ന് സ്റ്റീനായ്ക്ക് ഒത്തിരി സന്തോഷമായിരുന്നു. ഒരാത്മാവിലേക്ക് സ്നേഹം ഒഴുക്കാനായതിന്റെ സന്തോഷം.

(തുടരും)

# തോമാശ്ലീഹാ മാമ്മോദീസാ മുക്കിയ നമ്പൂതിരിമാരും കേരളനസ്രാണികളും

റവ. ഡോ. വർഗീസ് വള്ളിക്കാട്ട്
പി.ഒ.സി. പാലാരിവട്ടം



സെന്റ് തോമസ് കേരളത്തിൽ വന്നതിനു ചരിത്രപരമായി തെളിവില്ലെന്ന വാദഗതികൾ മുൻപും ഉണ്ടായിട്ടുണ്ട്. അദ്ദേഹം മാമ്മോദീസ മുക്കിയതായി കേരളനസ്രാണി പാരമ്പര്യം അവകാശപ്പെടുന്ന നമ്പൂതിരിമാർ ഏഴ്, എട്ട് നൂറ്റാണ്ടുകളിൽ മാത്രമാണ് കേരളത്തിൽ വന്നത് എന്ന് ചൂണ്ടിക്കാട്ടിയാണ് ഇക്കാര്യം നിഷേധിക്കുന്നത്.

ഭാഷാപരമായ ചരിത്രസാമഗ്രികൾ, ആർക്കിയോളജിക്കൽ ഖനനങ്ങളിലൂടെ ലഭ്യമായ പുരാവസ്തുശേഖരം (ശാസനങ്ങൾ, പ്രതിമകൾ, സ്മാരകങ്ങൾ, ഖബറിടങ്ങൾ, നാണയങ്ങൾ മുതലായവ) എന്നിവയുടെ താരതമ്യ പഠനത്തിലൂടെയാണ് ശാസ്ത്രീയമായ ചരിത്രരചന നടത്താൻ കഴിയുന്നത്. അതായത്, ഇവ പരസ്പരം ശരിവയ്ക്കുന്നിടത്തു മാത്രമാണ് പൗരാണിക ചരിത്രം വസ്തുനിഷ്ഠചരിത്രമാകുന്നത്. ഇതാണ് ആധുനിക ചരിത്രനിർമിതിയുടെ മാനദണ്ഡമെങ്കിൽ, തോമാശ്ലീഹാ കേരളത്തിൽ വന്നതിനു പുരാവസ്തു സാമഗ്രികൾ, ഭാഷാപരമായ സാമ്രഗികൾ എന്നിവ പരസ്പരം ശരിവയ്ക്കുന്ന വസ്തു നിഷ്ഠമായ തെളിവുകളുണ്ടോ?

കൊടുങ്ങല്ലൂർ ആസ്ഥാനമായി ചേരചക്രവർത്തിമാർ ക്രിസ്തുവർഷാരംഭം മുതലെങ്കിലും വാഴ്ച നടത്തിയിരുന്നതായി പാഠപുസ്തകങ്ങളിൽ പഠിച്ച ചരിത്രംതന്നെ ഐതിഹ്യാസ്പദമായ ചില ചരിത്ര ധാരണകൾ മാത്രമാണെന്നാണ് ഇന്ന് ചരിത്രകാരന്മാരിൽ ഭൂരിപക്ഷവും കരുതുന്നത്. പതിനാറാം നൂറ്റാണ്ടുമുതലുള്ള പാശ്ചാത്യരുടെ വിവരണങ്ങൾ, ആയിരത്തിഅഞ്ഞൂറ്റി എഴുപത്തിയഞ്ചു മുതലുള്ള സെൻസസ് റിപ്പോർട്ടുകൾ എന്നിവയിലൂടെ വെളിപ്പെടുന്ന കേരളീയചരിത്രം കേരളത്തിന്റെ പൂർവമഹിമകളെ അത്രതന്നെ ശരിവയ്ക്കുന്നില്ല. മുസിരിസ്

അഥവാ കൊടുങ്ങല്ലൂർ ആസ്ഥാനമായി നിലനിന്നിരുന്നതായി പറയപ്പെടുന്ന മഹോദയപുരം എന്ന ചേരസാമ്രാജ്യംപോലും ശൂരനാട് കുഞ്ഞൻപിള്ള മുതലായ അംഗീകൃത ചരിത്രകാരന്മാരുടെ കേവലം ഭാവനാവ്യായാമം മാത്രമാണെന്ന് 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും' എന്ന ഗ്രന്ഥത്തിൽ പി.കെ. ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അപ്പോൾ, നമുക്കുള്ള ചരിത്രംതന്നെ അത്ര ചരിത്രപരമല്ല എന്ന് സാരം!

തോമാശ്ലീഹാ കേരളത്തിൽ വന്നു എന്ന നസ്രാണിപാരമ്പര്യത്തിന്റെ ചരിത്രപശ്ചാത്തലം മനസ്സിലാക്കാൻ കേരളവും റോമാസാമ്രാജ്യകാലത്തെ കച്ചവടബന്ധങ്ങളും വിലയിരുത്തണം. ബി.സി. നാല്പതു മുതലാണ് റോമാ സാമ്രാജ്യം ദക്ഷിണേന്ത്യയുമായുള്ള വ്യാപാരബന്ധങ്ങൾ ആരംഭിക്കുന്നത്. റോമൻസാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഈജിപ്തിലെ അലക്സാൺഡ്രിയ ആയിരുന്നു കിഴക്കുമായുള്ള റോമൻ വ്യാപാരസമ്പർക്കത്തിന്റെ സിരാകേന്ദ്രം. ബി.സി. നാല്പതുമുതൽ എ.ഡി. അറുപത്തിയെട്ടുവരെ വ്യാപാരസമ്പർക്കങ്ങൾ പ്രവൃദ്ധമായ കാലമാണ്. ക്രമേണ ക്ഷയിച്ചുവന്ന ഈ വ്യാപാരബന്ധം കാരക്കള്ളയുടെ കാലത്തോടെ (217) അവസാനിച്ചു.

ഈജിപ്തിലെ സെല്ല തുറമുഖത്തുനിന്നും കാലവർഷ കാറ്റുണ്ടെങ്കിൽ ഇന്ത്യയിലെ ആദ്യത്തെ വർത്തകകേന്ദ്രമായ 'മുസിരിസി'ലേക്കു നാല്പതു ദിവസത്തെ യാത്ര മതിയെന്നു പ്ലീനിയുടെ സ്ഥലവിവരണത്തിൽ കാണാം. 'പെരിപ്ലസ്' എന്ന റോമൻ ചരിത്രരേഖയിലും ചൈന (അരിക്ക)യിൽ നിന്നും ഈജിപ്തിൽനിന്നുമുള്ള ധാരാളം കപ്പലുകൾ വന്നടുത്തുകൊണ്ടിരുന്ന മുസിരിസിനെപ്പറ്റി പ്രതിപാദ്യമുണ്ട്.

കോയമ്പത്തൂർ കേന്ദ്രമായ തമിഴ്നാട് ഭാഗങ്ങളിലും കൊടുങ്ങല്ലൂരിലും റോമാക്കാരും ഗ്രീക്കുകാരുമായ സ്ഥിരതാമസക്കാരുടെ വലിയൊരു സംഘം ഉണ്ടായിരുന്നിരിക്കണമെന്ന് ഇക്കാലത്തെ നാണയശേഖരണങ്ങളെപ്പറ്റി വിശദമായി പഠിച്ച റോബർട്ട് സേവൽ കരുതുന്നു. ഇവിടേക്ക് കൂടെക്കൂടെ യാത്രപോയിരുന്നവരെപ്പറ്റിയും ഗണ്യമായ കാലം ഈ ദേശങ്ങളിൽ കഴിച്ചുകൂട്ടിയവരെപ്പറ്റിയും ടോളമിയും രേഖപ്പെടുത്തുന്നുണ്ട്. കോയമ്പത്തൂരിനടുത്ത കാരൂർ, ഉദുമൽപ്പെട്ട, പൊള്ളാച്ചി എന്നിവിടങ്ങളിൽനിന്നും കണ്ടുകിട്ടിയ വലിയ റോമൻ നാണയ ശേഖരങ്ങൾ ഇക്കാലത്തെ കേരളവുമായുള്ള റോമൻബന്ധത്തെ സ്ഥിരീകരിക്കുന്നതാണ്. കോയമ്പത്തൂർ ജില്ലയിൽനിന്ന് മാത്രമായി ഒന്നാം നൂറ്റാണ്ടിലെ റോമൻ നാണയങ്ങളുടെ പതിനൊന്നു ശേഖരങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.

റോമൻ വർത്തക കേന്ദ്രങ്ങളെയും സെറ്റിൽമെന്റുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗത ചാലുകളെക്കുറിച്ചു വീലർ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'ഈ വർത്തക ഗതാഗത ചാലിന്റെ പാരമ്പരയായുള്ള ഉപയോഗം സെന്റ് തോമസ് കൊടുങ്ങല്ലൂർ വന്നിറങ്ങി കരവഴി മദിരാശി തീരത്തേക്ക് പോയതായുള്ള ഐതിഹ്യം ഓർമിപ്പിക്കുന്നു. ഇതേ വഴിച്ചാലിന്റെ കിടപ്പനുസരിച്ചാണ് പ്രസക്ത റോമൻ നാണയങ്ങൾ കൂട്ടംകൂടി കാണുന്നതും' മുസിരിസ് ഉൾപ്പെടുന്ന കേരളഭാഗങ്ങൾ കേരോബൊത്രാസിന്റെ ആധിപത്യത്തിലും നെൽക്കിണ്ട (കോട്ടയം) മുതൽ തെക്കോട്ടുള്ള കേരളഭാഗങ്ങൾ പാണ്ഡ്യനു അധീനമായിരുന്നെന്നും പ്ലീനി രേഖപ്പെടുത്തിയിട്ടുണ്ട്. പാണ്ഡ്യന്റെ തലസ്ഥാനം മധുരയാണെന്നും കേരോബൊത്രാസിന്റെ (ചേര) ആസ്ഥാനം കാരൂരാണെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു.

ചേരസാമ്രാജ്യ തലസ്ഥാനമായിരുന്നില്ലെങ്കിലും മുസിരിസ് (കൊടുങ്ങല്ലൂർ) ഒരു വർത്തക കേന്ദ്രം എന്ന നിലയിൽ പ്രസിദ്ധവും സമ്പന്നവുമായിരുന്നിരിക്കണം. അക്കാലത്തെ റോമൻ ഗ്രീക്ക് സെറ്റിൽമെന്റുകളിലെ യഹൂദ കച്ചവടക്കാരുടെ സാന്നിധ്യമാണ് സെന്റ് തോമ

സിനെ ഇന്ത്യയിലേക്ക് ആകർഷിച്ചതെന്നു വേണം കരുതാൻ. ഇന്ത്യയുമായുള്ള റോമിന്റെ വ്യാപാര സമ്പർക്കങ്ങൾ ഏറ്റവും ഉന്നതിയിലായിരുന്ന ബി.സി. 40 – എ.ഡി. 68 കാലത്തു എ.ഡി. 52ൽ സെന്റ് തോമസ് കൊടുങ്ങല്ലൂർ എത്തിയെന്നത് ഏറ്റവും വിശ്വസനീയമായ ചരിത്ര യാഥാർഥ്യങ്ങളുമായി ഒത്തുപോകുന്നു. ഇത് ചരിത്രപരമായ യാഥാർഥ്യങ്ങളുമായി ഒത്തുപോകുന്നതല്ല എന്ന് ഡോക്ടർ എം.ജി.എസ് പറഞ്ഞതായി അറിവില്ല, അങ്ങനെ പറയാനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനുണ്ടെന്നു സമ്മതിക്കുന്നു. അദ്ദേഹം നിഷേധിച്ചത് തോമാശ്ലീഹാ നമ്പൂതിരിമാരെ മാനസാന്തരപ്പെടുത്തി, മാമ്മോദീസ നല്കിയെന്നതിനെയാണ്. ഇക്കാര്യം തുടർന്ന് പരിശോധിക്കാം.

നസ്രാണികൾ എന്നറിയപ്പെടുന്ന കേരളത്തിലെ പുരാതന ക്രൈസ്തവർക്ക് യഹൂദാചാരാനുഷ്ഠാനങ്ങളുമായുള്ള ചിരപുരാതനവും സജീവവുമായ ബന്ധം യഹൂദ ക്രൈസ്തവ പിന്തുടർച്ചയെ രേഖപ്പെടുത്തുന്നു. യഹൂദ-ക്രൈസ്തവ പിന്തുടർച്ച, നമ്പൂതിരി ക്രൈസ്തവ പിന്തുടർച്ചയായി വ്യാഖ്യാനിക്കുന്ന പുരാവൃത്തങ്ങളും അതിനാൽ ചരിത്രപരമായിത്തന്നെ വിലയിരുത്തപ്പെടേണ്ടതാണ്.

സ്വത്വനിർമിതിയിൽ നമ്പൂതിരിമാർ പ്രയോഗിച്ച പരശുരാമ കഥയോളം പ്രസക്തമാണ് നസ്രാണികൾ നിർമ്മിച്ചെടുത്ത ''നമ്പൂതിരി മാനസാന്തര'' കഥയുമെന്നു പറയാം.

എ.ഡി. ഏഴു മുതൽ ഒമ്പതുവരെ നൂറ്റാണ്ടുകളിൽ സംഭവിച്ച കേരളീയ ജാതിസമൂഹത്തിന്റെ പരിണാമ പ്രക്രിയയുമായി ബന്ധപ്പെടുത്തിയാവണം, തോമാശ്ലീഹാ മാനസാന്തരപ്പെടുത്തി മാമ്മോദീസാ മുക്കിയ നമ്പൂതിരി ഇല്ലങ്ങളുടെ പുരാവൃത്തത്തെ വിലയിരുത്തേണ്ടത്. ഇടതൂർന്ന കാലവർഷ കാടുകൾക്കിടയിൽ അങ്ങിങ്ങു രൂപംകൊണ്ടുതുടങ്ങിയ കാർഷിക ഗ്രാമ സമൂഹങ്ങളും കുറ്റിക്കാടുകളും വള്ളിപ്പടർപ്പുകളുമുള്ള വിശാലമായ തരിശുകളും മിക്കവാറും കാടുകളാൽ ചുറ്റപ്പെട്ട ജനപദങ്ങളുമുണ്ടായിരുന്ന കേരളദേശത്തേക്ക്, വടക്ക് കൃഷ്ണ-ഗോദാവരി നദികൾക്കിടയിലുള്ള റായലസീമ പ്രദേശത്തുനിന്ന് ഏഴു മുതൽ ഒമ്പതുവരെ നൂറ്റാണ്ടുകളിൽ കർണാടകം വഴി കേരളത്തിലെത്തി 'നമ്പൂതിരി'മാരായി മാറിയ ബ്രാഹ്മണരാണ് കേരളത്തിൽ ജാതി വ്യവസ്ഥ രൂപപ്പെടുത്തിയതെന്നു ചരിത്രകാരന്മാർ കരുതുന്നു.

അവർ ഇവിടെയുണ്ടായിരുന്ന ഭിന്ന ഗോത്ര ജനതകളെ പരസ്പര ബന്ധമില്ലാത്തവരും എന്നാൽ, ആചാരങ്ങളാലും ജീവിതക്രമങ്ങളാലും ചിട്ടപ്പെടുത്തിയതുമായ ജാതിസമൂഹങ്ങളാക്കി ഗ്രാമസമൂഹങ്ങളിൽ പ്രതിഷ്ഠിച്ചു.

വേദപരിജ്ഞാനവും സംസ്കൃത ഭാഷാപരിജ്ഞാനവും വശമായിരുന്ന ഇവർ കേരളത്തിന്റെ പ്രാകൃത ഭാഷയെ സംസ്കൃതവുമായി കൂട്ടിയിണക്കി മലയാളഭാഷയ്ക്ക് നിയതമായ ഒരു രൂപം നല്കുകയും ക്രമേണ ഈ നാടിന്റെ നിയന്ത്രണം തന്നെ ഏറ്റെടുക്കുകയും ചെയ്തു. കേരളത്തിലെ ഭാഷാ വികാസത്തിന്റെ രീതിയും മലയാള സാഹിത്യത്തിന്റെ ജനനവും സ്വഭാവവും പരിശോധിച്ചാൽ ഭാഷയിലെ നമ്പൂതിരി സ്വാധീനം വ്യക്തമാവും. മൊത്ത ജനസംഖ്യയിൽ ഒരു ശതമാനം തികച്ചില്ലാത്ത ഈ നമ്പൂതിരി വിഭാഗമായിരുന്നു ഏതാണ്ട് പതിനെട്ടാം നൂറ്റാണ്ടുവരെ കേരളത്തിലെ മുഴുവൻ ഭൂമിയുടെയും പരമാധികാര ഉടമകൾ! ഇത് സാധ്യമായത് അവർ പ്രചരിപ്പിച്ചു നടപ്പാക്കിയ കേരളോത്പത്തിയുടെയും കേരള മാഹാത്മ്യത്തി

ന്റെയും ഐതിഹ്യങ്ങളിലൂടെയും, അവർ നടപ്പിൽ വരുത്തിയ ജാത്യാചാരങ്ങളിലൂടെയുമായിരുന്നു എന്നും പി.കെ. ബാലകൃഷ്ണൻ വിലിയിരുത്തുന്നു.

ഇത് ധിഷണയുടെ അതിസൂക്ഷ്മവും സമർഥവുമായ വ്യാപാരത്തിലൂടെ ആസൂത്രണം ചെയ്യപ്പെട്ടതും ഭക്തിയുടെ മാർഗത്തിലൂടെയും, ശുദ്ധിയുടെയും അശുദ്ധിയുടെയും പ്രയോഗത്തിലൂടെയും വിദഗ്ധമായി നടപ്പാക്കപ്പെട്ടതുമാണ്. ഇതിനെ ചെറുത്തുനില്ക്കാനും പ്രതിരോധിക്കാനും ശ്രമിച്ച നസ്രാണികളുടെ പ്രായോഗിക ബുദ്ധിയുടെ പരിണതഫലമായിരിക്കണം, 'നമ്പൂതിരിമാരുടെ മാനസാന്തരവും മാമ്മോദീസയും' എന്നു വേണം കരുതാൻ.

പോർത്തുഗീസുകാരുടെ കാലത്തിനു മുൻപ് നായർ സമുദായത്തിന്റെ ഒരു വിഭാഗമെന്നപോലെയാണ് സിറിയൻ ക്രിസ്ത്യാനികൾ കഴിഞ്ഞിരുന്നതെന്നു പി.കെ. ബാലകൃഷ്ണൻ രേഖപ്പെടുത്തുന്നുണ്ട്. ജാതിസരണിയിൽ നായന്മാരോടൊപ്പം നില്ക്കുകയും, പരമ പരിശുദ്ധ ജാതിയായി ഗണിക്കപ്പെട്ടിരുന്ന നമ്പൂതിരി ബ്രാഹ്മണരുമായുള്ള അയിത്ത ദൂരം (നായന്മാർ നമ്പൂതിരിക്ക് തൊട്ടാൽ കുളിക്കേണ്ട അയിത്തജാതിയാണ്. നായർ സ്ത്രീകളുമായി ആചരിച്ചുവന്ന സംബന്ധം മാത്രമാണ് ഇതിനൊരപവാദം) ലംഘിക്കാതെതന്നെ, തോമാശ്ലീഹാ മാമ്മോദീസ മുക്കിയതിലൂടെ അവരുമായി ഒരു ഐക്യബോധം ഉണ്ടാക്കിയെടുക്കാൻ നസ്രാണികൾക്കു കഴിഞ്ഞു. ജാതിസരണിയിൽ നായന്മാരോട് മത്സരിച്ചുനിന്ന സിറിയൻ ക്രിസ്ത്യാനികൾ കേരളജാതി സമൂഹത്തിൽ നമ്പൂതിരിമാർ സൃഷ്ടിക്കാതെ വിട്ടുകളഞ്ഞ വൈശ്യവിഭാഗത്തെ പ്രതിനിധീകരിക്കുകകൂടി ചെയ്തു. (മലബാർ പ്രദേശത്ത് തങ്ങളുടെ സങ്കേതങ്ങളിൽ മുസ്ലീങ്ങൾ ഈ വിഭാഗത്തെ പ്രതിനിധീകരിച്ചു). സ്വത്വനിർമിതിയിൽ നമ്പൂതിരിമാർ പ്രയോഗിച്ച പരശുരാമകഥയോളം പ്രസക്തമാണ് നസ്രാണികൾ നിർമ്മിച്ചെടുത്ത ''നമ്പൂതിരി മാനസാന്തര'' കഥയുമെന്നു പറയാം.

കേരളീയ ക്രൈസ്തവ സഭാചരിത്രത്തിനു ക്രിസ്തുവോളംതന്നെ കാലപ്പഴക്കമുണ്ടെന്നുള്ളത് നിഷേധിക്കാൻ ചരിത്രകാരന്മാർ ആരും മുതിർന്നിട്ടില്ല. പി. കെ. ബാലകൃഷ്ണൻ ഇങ്ങനെ നിരീക്ഷിക്കുന്നു. പോർത്തുഗീസുകാരുടെ വരവിനുമുമ്പുള്ള കാലത്തു വിശ്വാസത്തിലും പ്രാർത്ഥനയിലും മാത്രം ചില്ലറ വ്യത്യാസമുണ്ടായിരുന്ന ഒരുതരം മേലെക്കിട നായന്മാർമാത്രമായിരുന്നു ഫലത്തിൽ കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികൾ... അവർ, ജാതിമഹിമാ ബോധ്യത്തിൽ നായന്മാരോട് മത്സരിച്ചു തീണ്ടിക്കുളി ആചരിച്ചിരുന്നവരും കേരളീയ ജാത്യാചാരങ്ങളിൽ ഭക്ത്യാദരപൂർവം പങ്കുപറ്റിയിരുന്നവരുമായിരുന്നു.

ഇവരെ റോമൻ കത്തോലിക്കാ സഭയ്ക്കുകീഴിൽ ഹിന്ദുക്കളല്ലാത്ത ക്രിസ്ത്യാനികളാക്കിമാറ്റാൻ മതവിജ്ഞാന പടുക്കളായ ജസ്യൂട്ട് മിഷനറിമാർ ഒരു ശതാബ്ദക്കാലം നടത്തിയ പ്രയത്നം 1599ലെ ഉദയംപേരൂർ സൂനഹദോസോടെ താല്ക്കാലിക വിജയം കൈവരിച്ചു. 'കെ.പി. പദ്മനാഭമേനോൻ കൊച്ചി രാജ്യചരിത്രം വാല്യം ഒന്നിൽ' അയിത്താചാരം മിശിഹായുടെ തത്ത്വത്തിനു വിരുദ്ധമായ ഹീനനടപടിയാണെന്നും അതിനാൽ ജാത്യാചാരങ്ങൾ ഉപേക്ഷിക്കേണ്ടതാണെന്നുമുള്ള ആവശ്യകതയെ കുറിച്ചുമുള്ള സിനഡിന്റെ പ്രബോധനങ്ങൾ അക്കമിട്ടു വിശദീകരിക്കുന്നുണ്ട്. നമ്പൂതിരിയെ മനുഷ്യനാക്കാനുള്ള കേരളത്തിലെ നവോത്ഥാന പരിശ്രമങ്ങളുടെ തുടക്കം, നായർക്രിസ്ത്യാനിയെ കത്തോലിക്കനാക്കാനുള്ള ഉദയംപേരൂർ സൂനഹദോസിന്റെ കനോനകളിൽ കാണാം. പല സംഗതികളിലും നസ്രാണികൾ ഹിന്ദുക്കളുടെ ആചാരങ്ങളെ അനുസരിച്ചു നടന്നുപോന്നിരുന്നത് മേലാൽ പാടില്ലെന്ന് സൂനഹദോസ് കല്പിച്ചു.

ഒരു കാര്യം വ്യക്തം. പരശുരാമൻ മഴു വെറിഞ്ഞു കേരളമുണ്ടാക്കി നമ്പൂതിരിമാർക്കു ദാനം ചെയ്തു എന്ന് തുടങ്ങിയ കേരളോത്പത്തി കഥകളിലൂടെ മുഴുവൻ ഭൂമിക്കുമേലും ജന്മാവകാശം ഉന്നയിക്കുകയും, തങ്ങളുടെ

വാല്യക്കാരും കാര്യസ്ഥരുമായി കേരളത്തിലെ പ്രബല സമൂഹമായിരുന്ന നായന്മാരെ നിയോഗിക്കുകയും മറ്റുള്ളവരെ തീണ്ടാപ്പാടകലെ നിർത്തി അടിമകളാക്കി പണിയെടുപ്പിക്കുകയും അവർക്കു വഴിനടക്കാനുള്ള അവകാശം പോലും നിഷേധിച്ചുകൊണ്ട്, പൊതുസമൂഹം എന്നൊന്ന് അസാധ്യമാക്കിത്തീർക്കുകയും തങ്ങൾ നിർമ്മിച്ചെടുത്ത ജാതിസമൂഹത്തിനു മാറ്റമില്ലാതെ തുടരാൻ അവസരമൊരുക്കുകയും ചെയ്ത അധികാരവർഗത്തോട് പ്രത്യക്ഷമായി കലഹിക്കാതെയും അവരുടെ അടിമകളാകാതെയും കേരളക്കരയിൽ നിലനില്ക്കുന്നതിനും ജീവിക്കുന്നതിനും കേരളക്കരയിലെ നസ്രാണികൾക്ക് കഴിഞ്ഞു. കേരളത്തിന്റെ ധൈഷണിക മേഖലകളിൽ ആ സ്ഥാനം സൂക്ഷിക്കാൻ ഇന്നും ക്രൈസ്തവർക്ക് കഴിയുന്നുണ്ടെങ്കിൽ, അതിനു തോമാശ്ലീഹാ മാമ്മോദീസാ മുക്കിയ നമ്പൂതിരിക്കുടുംബ പുരാവൃത്തത്തോടും അത് നിർമിച്ചെടുത്തവരോടും അതിനുള്ള കടപ്പാട് മറക്കാവുന്നതല്ല.

അത് ചരിത്രമോ, പൂർവചരിത്രമോ പുരാണമോ പുരാവൃത്തമോ ആകാം. പക്ഷേ നമ്പൂതിരിമാർ കേരളത്തിലേക്കുവന്ന ഒൻപതാം നൂറ്റാണ്ടിനു മുൻപും അതിനു ശേഷവും അടിമത്തത്തെ പ്രതിരോധിക്കുകയും അർഥപൂർണമായ ഒരു സാമൂഹ്യജീവിതം കരുപ്പിടിപ്പിക്കുകയും ചെയ്ത ഒരു വിഭാഗം ക്രിസ്ത്യാനികൾ കേരളജാതിസമൂഹത്തിൽ നിലനിന്നിരുന്നു എന്നത് ചരിത്രമല്ലെന്നു ഡോക്ടർ എം.ജി.എസ് നാരായണൻപോലും പറയുമെന്ന് തോന്നുന്നില്ല.

നമ്പൂതിരിക്കുടുംബ പുരാവൃത്തത്തിന്റെ പേരിൽ അതിരുകവിഞ്ഞ് അഹങ്കരിക്കുകയോ, അപകർഷതപ്പെടുകയോ ചെയ്യുന്നതിനുപകരം, സമകാലിക സമൂഹനിർമ്മിതിയിൽ കർമ്മനിരതരായി വ്യാപരിക്കാനും, അതിൽ മാന്യമായ ഒരിടം ഉറപ്പാക്കാനുമാണ് കേരള ക്രൈസ്തവസമൂഹം ഇന്ന് ശ്രദ്ധവയ്ക്കേണ്ടത്.



## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre, Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിൽ കൈത്താക്കാലത്തേക്കു നാം പ്രവേശിക്കുകയാണല്ലോ. സഭയിലും സഭയിലൂടെയുമാണ് ഇന്നു നമുക്ക് മിശിഹായിലുള്ള ജീവിതം നയിക്കുവാൻ സാധിക്കുന്നത്. സഭയെക്കൂടാതെ മിശിഹായില്ല. മിശിഹായെക്കൂടാതെ സഭയില്ല. അത്രമാത്രം അഭേദ്യമായ ബന്ധമാണ് സഭയും മിശിഹായും തമ്മിലുള്ളത്. സഭയെ മിശിഹായുടെ ശരീരമെന്നാണല്ലോ പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (1 കൊറി 12,12). മിശിഹായ്ക്ക് ലോകത്തിൽ കാണാവുന്ന ഒരസ്തിത്വമുണ്ടെങ്കിൽ അത് സഭയാണ്. അതുകൊണ്ടു നാം സഭയെ സ്നേഹിക്കണം. സഭ മനുഷ്യരുടെ സമൂഹമായതുകൊണ്ട്, മാനുഷികമായ വികലതകൾ സഭാജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഉണ്ടാവുക സ്വാഭാവികമാണ്. അതിന്റെ പേരിൽ സഭയോടുള്ള സ്നേഹത്തിനും പ്രതിബദ്ധതയ്ക്കും കുറവു വരാനിടയാകരുത്. ആകയാൽ ഈ കൈത്താക്കാലം സഭയെ സ്നേഹിച്ചും സഭയെ സ്നേഹിക്കാൻ ജനങ്ങളെ പഠിപ്പിച്ചും നമ്മുടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു ശ്രമിക്കാം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

മെയ്മാസം 23-ാം തീയതി ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുവാനായി റോമിലേക്കു പോയി. മെയ് 24-25 തീയതികളിൽ റോമിൽവച്ചു നടന്ന കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. മെയ് 26-ാം തീയതി അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ ജനറലേറ്റിൽവച്ചു നടന്ന, വിശുദ്ധിയുടെ പ്രേഷിതകുടുംബത്തിലെ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളും ചേർന്നുള്ള ഫെഡറേഷൻ മീറ്റിംഗിലും സംബന്ധിച്ചു. "Mistica della Fraternita in G. Giaquinta" (സാഹോദര്യത്തിന്റെ മിസ്റ്റിസിസം) എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രബന്ധം ഫെഡറേഷൻ മീറ്റിംഗിൽ അവതരിപ്പിച്ചു. ഇളയസഹോദരന്റെ മരണത്തെത്തുടർന്ന് നാട്ടിലേക്കു തിരിച്ചുപോന്ന അച്ചൻ ജൂൺ 17-ാം തീയതി വീണ്ടും റോമിലേക്കു പോയി, 28-ാം തീയതി തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# സന്താനസമ്പന്നയായ മാതാവിന്റെ സന്തോഷം

**സി. എലിസബത്ത് കൊച്ചുമഠത്തിൽ**
**ബേസ് തോമാ ദയറ, പാലമറ്റം**

“സമൃദ്ധിയിൽ അങ്ങയുടെ സഭയെ വളർത്തണമെ, വിശ്വാസത്തിന്റെ കോട്ടയാൽ അവളെ പരിരക്ഷിക്കണമേ” എന്ന പ്രാർത്ഥനാ സന്ദേശവുമായി ഇതാ ‘കൈത്താക്കാലം’ ഒരിക്കൽക്കൂടി നമ്മുടെ മുമ്പിൽ സമാഗതമായിരിക്കുന്നു. ശ്ലീഹന്മാരുടെ പ്രയത്നഫലമായി വേരുപിടിച്ച് വളർച്ചയാരംഭിച്ച സഭാതരു വിശുദ്ധിയും രക്തസാക്ഷിത്വവുമാകുന്ന ഫലങ്ങൾ ചൂടിനിൽക്കുന്ന മഹാവിസ്മയത്തെ ധ്യാനിക്കുന്ന കാലമാണ് കൈത്താക്കാലം. ‘കൈത്താ’ എന്ന സുറിയാനി പദത്തിന്റെ അർത്ഥം “ഗ്രീഷ്മം” അഥവാ “വേനൽ” എന്നാണ്. ഫലാഗമകാലമെന്നും ഈ കാലം അറിയപ്പെടുന്നു. ഈശോമിശിഹായെയും അവിടുത്തെ സഭയെയും കോർത്തിണക്കുന്ന സുപ്രധാന കണ്ണികൾ എന്ന നിലയിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ ആഘോഷിച്ചുകൊണ്ടാണ് സഭയുടെ വളർച്ചയുടെ കാലഘട്ടമായ കൈത്താക്കാലം ആരംഭിക്കുന്നത്. ഈ തിരുനാൾ ആഘോഷിക്കുന്ന കൈത്താ ആദ്യഞായർ “നുസാർദേൽ ഞായർ” എന്ന പേരിൽ അറിയപ്പെടുന്നു. ‘ദൈവത്തിന്റെ തിരുനാളും പന്ത്രണ്ടു ശ്ലീഹന്മാരുടെ അനുസ്മരണവും’ എന്നതാണിതുകൊണ്ടർത്ഥമാക്കുന്നത്. സഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ചത് ശ്ലീഹന്മാരാകയാൽ ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച തന്നെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിക്കുന്നത് ഏറ്റവും ഉചിതമായിരിക്കുന്നു.

പന്തക്കുസ്താതിരുനാളിൽ ദൈവത്തിന്റെ ദാനമായി കിട്ടിയ റൂഹാദ്ക്കുദ്ശായുടെ നിറവിൽ ശ്ലീഹന്മാർ ദൈവത്തിന്റെ വചനം പ്രഘോഷിച്ച് മിശിഹായ്ക്ക് സാക്ഷ്യം വഹിച്ചതിന്റെ ഫലമായി അനേകം രക്തസാക്ഷികൾക്കും വിശുദ്ധർക്കും സഭ ജന്മം നല്കി.

ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളായ വിശുദ്ധ പിതാക്കന്മാരുടെയും ജീവിത സാക്ഷ്യവും രക്തസാക്ഷികളുടെ ചുടുനിണം വീണു കുതിർന്ന മണ്ണിൽ സഭാതരു ലോകത്തിന്റെ

നാനാഭാഗങ്ങളിലേക്കും പടർന്നു പന്തലിക്കാൻ ഇടയായി. അനേകം ജനസമൂഹങ്ങൾ മിശിഹാ നുയായികളായി.

ഈ ആദിമ സമൂഹം മിശിഹായുടെ ജീവിതമാതൃകയും അവിടുത്തെ പ്രബോധ നവും ഉൾക്കൊണ്ടുകൊണ്ട് ജീവിച്ചു. അവരുടെ ഇടയിൽ ദരിദ്രരായി ആരും ഉണ്ടായിരുന്നില്ല. കാരണം അത്രമാത്രം ശ്രേഷ്ഠമായ സ്നേഹ ത്തിന്റെ പങ്കുവയ്ക്കൽ അവിടെ ഉണ്ടായിരുന്നു. ഫലമോ കൂട്ടായ്മയിൽ നിന്ന് ഉരുത്തിരിഞ്ഞ ജീവിതവിശുദ്ധി.

ശ്ലീഹന്മാരുടെ ജീവിതവിശുദ്ധിയാണ് ദൈവകൃപയിലും ജ്ഞാനത്തിലും വളർന്നു വരുവാൻ അവരെ പ്രാപ്തരാക്കിയത്. വിശ്വാ സത്തിലും വിശുദ്ധിയിലും വളർന്ന അവർ റൂഹാദ്ക്കുദ്ശായുടെ നിറവിൽ പ്രവർത്തനനിര തരായി. അങ്ങനെ ശ്ലീഹന്മാർക്ക് ദൈവികരഹ സ്യങ്ങളുടെ പൊരുളുകളറിയാനായി. തങ്ങൾക്കു കിട്ടിയ ദൈവികജ്ഞാനം മറ്റുള്ള വർക്കു പകർന്നുകൊടുക്കുവാൻ റൂഹാ ദ്ക്കുദ്ശാ തന്നെ അവരുടെ അധരങ്ങളെ ശക്തി പ്പെടുത്തി. അവരുടെ അധരങ്ങളിൽനിന്ന് പുറ പ്പെടുന്ന ദൈവികവചനങ്ങൾ ജനഹൃദയങ്ങ ളിൽ ആഴ്ന്നിറങ്ങി അനേകരുടെ മനഃപരി വർത്തനത്തിന് ഇടവരുത്തി. അങ്ങനെ അവർ ദൈവരാജ്യത്തിന്റെ പ്രതിനിധികളും ദൈവവി ജ്ഞാനീയത്തിന്റെ അദ്ധ്യാപകരും മിശിഹാനു യായികളുടെ അജപാലകരും ആയിത്തീർന്നു.

സഭയുടെ തുടർന്നുള്ള വളർച്ച നമ്മിലോ രോരുത്തരിലുമാണ് അധിഷ്ഠിതമായിരിക്കുന്ന ത്. നാം വിശ്വാസത്തിലും വിശുദ്ധിയിലും വള രുമ്പോൾ സഭ വളരുന്നു. അതിനാൽ ശ്ലീഹ ന്മാരുടെ മിശിഹാനുഭവവും രക്തസാക്ഷിക ളുടെ വിശ്വാസതീക്ഷ്ണതയും സ്വായത്തമാക്കി സഭയിൽ ശുശ്രൂഷ ചെയ്യുവാനുള്ള വിശ്വാസി കളുടെ ദൗത്യം ഇക്കാലത്തെ യാമപ്രാർത്ഥ നകൾ നമ്മുടെ മുമ്പിൽ ധ്യാനവിഷയമാക്കുന്നു.

സഭയുടെ ഫലങ്ങളായ രക്തസാക്ഷിക ളെയും വിശുദ്ധരെയും ബഹുമാനിക്കുന്നതി നായി ഈ കാലത്തിലെ വെള്ളിയാഴ്ചകൾ പ്രത്യേകം നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധനും മഹാതാപസികനും ശ്രേഷ്ഠ പണ്ഡിതനും മാർ അപ്രേമിന്റെ മല്പാനുമായ നിസിബിസിലെ മാർ യാക്കോബിനെ കൈത്താ ക്കാലത്തിലെ ഒന്നാം വെള്ളിയാഴ്ച സഭ തന്റെ മദ്ബ്ഹായിൽ ആദരപൂർവം അനുസ്മരിക്കു ന്നു. നിഖ്യായിൽ നടന്ന ആദ്യത്തെ സഭൈക്യ സൂനഹദോസിൽ പങ്കെടുക്കുകയും ആര്യൻ പാഷണ്ഡതയ്ക്കെതിരെ നിലകൊള്ളുകയും മിശിഹായുടെ ദൈവത്വത്തെ സമർത്ഥിക്കു കയും ചെയ്ത മാർ യാക്കോബിന് വിഗ്രഹാ രാധകരെ മാനസാന്തരപ്പെടുത്തി മിശിഹാനു യായികളായി മാറ്റാൻ തന്റെ പഠനങ്ങളിലൂ ടെയും സിദ്ധാന്തങ്ങളിലൂടെയും സാധിച്ചു. "മനു ഷ്യരുടെ മുമ്പിൽ കർത്താവിനെ ഏറ്റുപറയുന്ന വരെ ദൈവദൂതന്മാരുടെ മുമ്പിൽ മനുഷ്യപു ത്രനും ഏറ്റുപറയും" (ലൂക്കാ 12,8). കർത്താ വിന്റെ ഈ വാക്കുകൾ മാർ യാക്കോബിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും അർത്ഥ വത്താണ്.

മാർ മാറിയുടെ തിരുനാൾ കൈത്താ ക്കാലം രണ്ടാം വെള്ളിയാഴ്ച സഭ അനുസ്മ രിക്കുന്നു. ഏദേസ്സായിലെ സഭയുടെ സ്ഥാപ കനായി അറിയപ്പെടുന്ന മാർ അദ്ദായിയുടെ ശിഷ്യനാണ് മാർ മാറി. അദ്ദേഹം ഒന്നാംനൂറ്റാ ണ്ടിൽ മെസപ്പൊട്ടേമിയായിലും ഏദേസ്സാ യിലും സെലൂഷ്യായിലും സുവിശേഷം പ്രസം ഗിക്കുകയും നിരവധി പള്ളികൾ പണിയുകയും ചെയ്തു. മാർ അദ്ദായി, മാർ മാറി എന്നീ അനു ഗൃഹീത ശ്ലീഹന്മാരുടെ പേരിൽ ഒരു കൂദാശ ക്രമം (അനാഫൊറ) അറിയപ്പെടുന്നുണ്ട്. നെസ്തോറിയൻ, കൽദായ, സീറോ മലബാർ എന്നീ പൗരസ്ത്യസുറിയാനി സഭകൾ ഈ അനാഫൊറയാണുപയോഗിക്കുന്നത്. "ശ്ലീഹ ന്മാരുടെ അനാഫൊറ" എന്നറിയപ്പെടുന്ന ഇത് മെശ്യാനിക സഭയിലെ ഏറ്റവും പുരാതനമായ അനാഫൊറയാണെന്നും 1,2 നൂറ്റാണ്ടുകളിൽ എദേസ്സായിൽവച്ച് സുറിയാനിഭാഷയിൽ രൂപം കൊണ്ടതാണെന്നും കരുതപ്പെടുന്നു. മാർ മാറിയുടെ തിരുനാൾ ആഘോഷിക്കുമ്പോൾ ഈ ആരാധനക്രമം ഉപയോഗിക്കുന്ന സഭാമ ക്കൾക്ക് അത് ആനന്ദത്തിന്റെയും ചാരി താർത്ഥ്യത്തിന്റെയും സ്വന്തം മാതൃസഭയെക്കു റിച്ചുള്ള ഓർമ്മപുതുക്കലിന്റെയും ദിനമാണ്.

> കൈത്താക്കാലത്തിൽ ആഘോഷിക്കുന്ന രണ്ടു പ്രധാനപ്പെട്ട തിരുനാളുക ളാണ് നമ്മുടെ കർത്താവീശോമിശിഹായുടെ രൂപാന്തരീകരണവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും.

ജീവന്റെ ജീവനായ തന്റെ ഏഴ് ആൺമക്കളെയും വിശ്വാസത്തിന്റെപേരിൽ ക്രൂരമായ മരണത്തിന് ഏല്പിച്ചുകൊടുക്കുന്ന ഒരമ്മയുടെ തിരുനാളാണ് കൈത്താക്കാലത്തിലെ അഞ്ചാം വെള്ളിയാഴ്ച സഭ ആഘോഷിക്കുന്നത് - വിശുദ്ധ ശ്മോനിയുടെയും അവളുടെ ഏഴ് പുത്രന്മാരുടെയും ഓർമ്മത്തിരുനാൾ. യഹൂദർക്ക് നിഷിദ്ധമായിരുന്ന പന്നിമാംസം ഭക്ഷിക്കാൻ അവർ നിർബന്ധിക്കപ്പെട്ടപ്പോൾ അതിനു വഴങ്ങാതെ "പിതാക്കന്മാരുടെ നിയമങ്ങൾ ലംഘിക്കുന്നതിനെക്കാൾ മരിക്കാൻ ഞങ്ങൾ ഒരുക്കമാണ്" എന്നായിരുന്നു അവരുടെ മറുപടി.

പ്രത്യക്ഷത്തിൽ നിസ്സാരമെന്ന് തോന്നാവുന്ന ഒരു കാര്യത്തിന് വലിയ അർത്ഥം കൊടുത്തത് അവരുടെ വിശ്വാസം ഒന്നുമാത്രമാണ്. ഓരോ മകനേയും ഒന്നിനുപുറകെ ഒന്നായി മരണത്തിനു വിട്ടുകൊടുത്തിട്ടും എല്ലാം കണ്ടും സഹിച്ചും നിന്നുകൊണ്ട് അടുത്ത മകനെ ഇതേ വിധിക്കായി ഒരുക്കുന്ന ഒരമ്മയുടെ ആത്മധൈര്യം! മാതൃസ്നേഹം ദൈവസ്നേഹത്തിന് കീഴടങ്ങിയപ്പോൾ ഒരമ്മയ്ക്ക് ഇതെല്ലാം വഹിക്കാനും സഹിക്കാനും സാധിച്ചു. അവസാനം ആ അമ്മയും മക്കളുടെ ധീരമായ മാതൃകയെ ആശ്ലേഷിച്ചു.

കൈത്താക്കാലത്തിലെ ആറാംവെള്ളിയാഴ്ച രക്തസാക്ഷികളായ 'മാർ ശിമയോൻ ബർസബായെയും കൂട്ടരേയും' സഭ അനുസ്മരിക്കുന്നു. പൗരസ്ത്യസുറിയാനി സഭയിലെ പാത്രീയർക്കീസ്മാരിൽ അഗ്രഗണ്യനും ആ സഭയിലെ രക്തസാക്ഷികളിൽ പ്രധാനിയുമാണ് മാർ ശിമയോൻ ബർസബാ. എ.ഡി. 341 -ലെ പീഡാനുഭവവെള്ളിയാഴ്ച ദിവസം അദ്ദേഹവും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നുവരും രക്തസാക്ഷിത്വം വരിച്ചു. സൂര്യനെ ആരാധിച്ചാൽ അദ്ദേഹത്തേയും കൂട്ടരേയും സ്വതന്ത്രരാക്കാമെന്ന് സാപ്പോർ ചക്രവർത്തി വാഗ്ദാനം ചെയ്തു. സത്യദൈവത്തെയല്ലാതെ സൃഷ്ടവസ്തുക്കളെ ആരാധിക്കുകയില്ലെന്നു വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "സ്രഷ്ടാവ് മരിച്ചപ്പോൾ സൂര്യൻ വിലപിച്ചു". മിശിഹായിലുള്ള അടിയുറച്ച വിശ്വാസവും തന്റെ ജനത്തോടുള്ള ഉത്തരവാദിത്വവുമാണ് രക്തസാക്ഷിത്വം വരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.


കൈത്താ ഏഴാം വെള്ളി രക്തസാക്ഷിയായ മാർ ക്വർദാഗിനെ സഭ അനുസ്മരിക്കുന്നു. അഗ്നിമത വിശ്വാസിയായ ക്വർദാഗ് തനിക്ക് സ്വപ്നത്തിൽ ലഭിച്ച ദർശനത്തിലൂടെ സത്യദൈവവിശ്വാസിയായിത്തീരുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു. വിശ്വാസം ഉപേക്ഷിക്കുവാൻ പ്രേരിപ്പിച്ചപ്പോൾ "മിശിഹായെ മാത്രമേ ആരാധിക്കൂ" എന്ന പറഞ്ഞ ക്വർദാഗിനെ കല്ലെറിഞ്ഞു കൊല്ലുവാൻ ചക്രവർത്തി ആജ്ഞാപിച്ചു. മരിക്കാൻ തയ്യാറായ അദ്ദേഹം മുട്ടിൻമേൽ നിന്നുകൊണ്ട് പ്രാർത്ഥിക്കുകയും സുവിശേഷം ചുംബിക്കുകയും സ്വയം കുരിശടയാളം വരയ്ക്കുകയും ചെയ്തു. ഓരോരുത്തരും ഓരോ കല്ലുവീതം എടുത്തു ക്വർദാഗിനെ എറിയുവാൻ പടയാളികൾ നിർദ്ദേശിച്ചു. തന്റെ പിതാവുതന്നെ എറിയാതെ താൻ മരിക്കുകയില്ലെന്ന് അദ്ദേഹം അറിയിച്ചു. ആ പിതാവ് തുണികൊണ്ട് തന്റെ മുഖം മറച്ചുകൊണ്ടു മകനെ കല്ലെറിഞ്ഞു. ഉടൻതന്നെ ക്വർദാഗിന്റെ ആത്മാവ് നിത്യസമ്മാനത്തിനായി പുറപ്പെട്ടു. ഈ നശ്വരമായ ജീവിതത്തെക്കാൾ മിശിഹായ്ക്കുവേണ്ടി മരിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത് എന്നു പറഞ്ഞ മാർ ക്വർദാഗ് രക്തസാക്ഷിത്വമകുടമണിഞ്ഞു. "എന്നെപ്രതി ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും" (മത്താ 16,26) എന്നരുൾചെയ്ത ഈശോമിശിഹായുടെ വാക്കുകൾ മാർ ക്വർദാഗിന്റെ ജീവിതത്തിൽ പൂവണിഞ്ഞു.

കൈത്താക്കാലത്തിൽ ആഘോഷിക്കുന്ന മറ്റു രണ്ടു പ്രധാനപ്പെട്ട തിരുനാളുകളാണ് നമ്മുടെ കർത്താവീശോമിശിഹായുടെ രൂപാന്തരീകരണവും (ആഗസ്റ്റ് 6) പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും (ആഗസ്റ്റ് 15).

വിശുദ്ധ മലയിലെ രൂപാന്തരീകരണം ഓരോ മിശിഹാനുയായികളിലും സംഭവിക്കേണ്ട രൂപാന്തരീകരണത്തിന്റെ പ്രകാശനമായിരുന്നു. നാമെല്ലാവരും ഈശോയുടെ ഉത്ഥാനമഹത്ത്വത്തിലേക്കു പ്രവേശിക്കുവാൻ വിളിക്കപ്പെട്ടവരാണെന്നും നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ രൂപാന്തരം നടക്കേണ്ടിയിരിക്കുന്നു എന്നുമുള്ള സത്യമാണ് രൂപാന്തരീകരണം നമ്മെ അനുസ്മരിപ്പിക്കുന്നത്.

പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളുകളിൽ ഏറ്റവുമധികം ആഘോഷമായി കൊണ്ടാടുന്ന ഒന്നാണ് സ്വർഗ്ഗാരോപണത്തിരുനാൾ. ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുകയും സ്വർഗ്ഗത്തിൽ സിംഹാസനസ്ഥയായി മഹത്ത്വമനുഭവിക്കുകയും ചെയ്യുന്ന സ്വർഗ്ഗാരോപിത അമ്മ തിരുസഭയുടെ യുഗാന്ത്യജീവിതത്തെ മുൻകൂട്ടി വെളിപ്പെടുത്തുകയും വിശ്വാസികൾക്ക് ശുഭപ്രതീക്ഷ നല്കി നിലകൊള്ളുകയും ചെയ്യുന്നു.

ദൈവപിതാവിന്റെ വചനത്തിന് “ഇതാ ഞാൻ, കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ” (ലൂക്കാ 1,38) എന്നു പറഞ്ഞുകൊണ്ട് ആമ്മേൻ പറയുന്ന പരിശുദ്ധ കന്യകാമറിയം തന്റെ ജീവിതത്തിലുടനീളം ഈ സമർപ്പണം അഭംഗുരം തുടർന്നതിന്റെ പ്രതിസമ്മാനമായിരുന്നു ത്രിത്വൈക ദൈവത്തിന്റെ പദ്ധതിയിൽ സംഭവിച്ച പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം. പരിശുദ്ധ അമ്മയ്ക്ക് നമ്മോട് ഒന്നുമാത്രമേ പറയാനുള്ളൂ: “അവൻ പറയുന്നതു കേൾക്കുക”, ദൈവവചനം അനുസരിച്ച് പ്രവർത്തിക്കുക. അതായിരുന്നു അമ്മയുടെ ജീവിതവും സന്ദേശവും. ഈ മാതൃക ജീവിതത്തിൽ പാലിച്ചവരാണ് ശ്ലീഹന്മാരും, വിശുദ്ധരും, രക്തസാക്ഷികളും. ഇവരുടെ ജീവിതമാതൃക സ്വീകരിച്ചുകൊണ്ട് പരിശുദ്ധ സ്വർഗ്ഗാരോപിത അമ്മയോടു ചേർന്ന് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്നവരാകാം. സഹായകനായ റൂഹാദ്ക്കുദ്ശാ മനസ്സാക്ഷിയുടെ സ്വരമായി, ആത്മധൈര്യമായി നമ്മുടെ ജീവിതപന്ഥാവിൽ നമ്മെ വഴിനടത്തട്ടെ.



# മാർ സ്ലീവാ മല്പാനേറ്റ്

മാർ തോമ്മാ ക്രിസ്ത്യാനികളുടെ പൈതൃകത്തിൽപ്പെട്ട ഒരു വൈദികപരിശീലനകേന്ദ്രമായിരുന്നു മല്പാനേറ്റ്. ചരിത്രത്തിന്റെ പ്രയാണത്തിൽ സെമിനാരികളും ഫാക്കൽറ്റികളും കേന്ദ്രീകരിച്ചുള്ള വൈദികപരിശീലനകേന്ദ്രങ്ങൾ നിലവിൽവരികയും മല്പാനേറ്റുകൾ ഇല്ലാതാവുകയും ചെയ്തു. എന്നാൽ സീറോ മലബാർ സഭയുടെ അജപാലനപരവും സുവിശേഷപ്രഘോഷണപരവുമായ ആഗോളവ്യാപകമായ ഇന്നത്തെ സാന്നിദ്ധ്യത്തിന്റെ പശ്ചാത്തലത്തിൽ, സഭാംഗങ്ങൾക്ക് (വൈദികർക്കും സമർപ്പിതർക്കും അല്മായർക്കും) സഭാത്മകവും ആത്മീയവുമായ തുടർപരിശീലനം നല്കുക എന്ന ലക്ഷ്യത്തോടുകൂടി ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സ്ഥാപിച്ചതാണ് മാർ സ്ലീവാ മല്പാനേറ്റ്. മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചന്റെ ഉത്തരവാദിത്വത്തിൽ കോട്ടയത്തുള്ള മാങ്ങാനം സ്പിരിച്ചാലിറ്റി സെന്റർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ മല്പാനേറ്റിന്റെ ഉദ്ഘാടനം ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു.



സുറിയാനി പൈതൃകം സംരക്ഷിക്കപ്പെട്ടതും കൈമാറ്റം ചെയ്യപ്പെട്ടതും മല്പാനേറ്റുകൾ വഴിയാണെന്നും സെമിനാരി പഠനത്തിലും മറ്റ് പരിശീലനകേന്ദ്രങ്ങളിലും ഇന്ന് നല്കപ്പെടുന്ന പരിശീലനത്തിന്റെ പോരായ്മകൾ പരിഹരിച്ച് ശരിയായ സഭാത്മകപരിശീലനം നല്കുവാൻ മല്പാനേറ്റുകൾക്കു കഴിയുമ്പോഴാണു അതിന്റെ ലക്ഷ്യം സാധൂകരിക്കപ്പെടുന്നതെന്നും മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു.

സഭയുടെ വിശ്വാസപൈതൃകത്തിന്റെ തനിമയും പ്രത്യേകതകളും മനസ്സിലാക്കിയാൽമാത്രമേ സഭാംഗങ്ങൾക്ക് അവർ പോകുന്നിടത്തെല്ലാം വിശ്വാസസാക്ഷ്യം നല്കുവാനുള്ള കഴിവും തീക്ഷ്ണതയും ഉണ്ടാവുകയുള്ളു. അതിനാൽത്തന്നെ മാർ സ്ലീവാ മല്പാനേറ്റിലെ തുടർപരിശീലനത്തിന്റെ ലക്ഷ്യങ്ങൾ ഇവയാണ്:

- ♦മാർ തോമാ നസ്രാണികളുടെ വിശ്വാസപൈതൃക പുനരുദ്ധാരണം
- ♦പൗരസ്ത്യ സുറിയാനി ആരാധനക്രമ സംഗീതപൈതൃക സംരക്ഷണം
- ♦സീറോ മലബാർ സഭാംഗങ്ങളുടെ (വൈദികർ, സമർപ്പിതർ, അല്മായർ) സഭാത്മകമായ തുടർപരിശീലനം
- ♦സഭാത്മകവും ആദ്ധ്യാത്മികവുമായ വേദപുസ്തകവ്യാഖ്യാനം
- ♦സഭാത്മകജീവിതത്തിലൂടെയുള്ള വിശുദ്ധീകരണം

**പരിശീലനപരിപാടികൾ**

- ♦വിശുദ്ധിയുടെ പ്രേഷിതകുടുംബത്തിന്റെ - അപ്പസ്തോലിക് സൊദാലെസ് (വൈദികർ), അപ്പസ്തോലിക് ഒബ്ലേറ്റ്സ് (സമർപ്പിതർ), സോഷ്യൽ ആനിമേറ്റേഴ്സ് (അല്മായർ) - സഭാത്മകരൂപീകരണം
- ♦സഭയുടെ വിശ്വാസത്തിനനുസൃതമായുള്ള ബൈബിൾ പഠനക്കളരികൾ
- ♦വൈദികർക്കുവേണ്ടിയുള്ള അജപാലനപരവും സഭാത്മകവുമായ ബൈബിൾ പഠന-ചർച്ചാവേദികൾ
- ♦സീറോ മലബാർ സഭയുടെ ആരാധനക്രമത്തിൽ അധിഷ്ഠിതമായ ധ്യാനങ്ങൾ
- ♦സുറിയാനി ആരാധനക്രമാലാപന രീതിയിലുള്ള ആരാധനക്രമാഘോഷവും പ്രാർത്ഥനകളും
- ♦മാർഗ്ഗനിർദ്ദേശക ധ്യാനങ്ങൾ (Directed Retreats)
- ♦സഭാത്മകമായ ആദ്ധ്യാത്മികതയിൽ വളരുവാൻ സഹായകമായ ആത്മീയനിയന്ത്രണം
- ♦സഭാത്മകവീക്ഷണത്തോടെയുള്ള വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ പ്രബന്ധരചനയ്ക്കുള്ള സമാലോചന

ഒരു കാര്യം ചെയ്യാനോ ഒരു വിധത്തിലായിരിക്കാനോ ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിനായി മറ്റാരും സൃഷ്ടിക്കപ്പെട്ടിട്ടില്ല. എനിക്കു ദൈവത്തിന്റെ പദ്ധതികളിലും ദൈവത്തിന്റെ ലോകത്തിലും ഒരു സ്ഥാനമുണ്ട്, മറ്റാർക്കും ഇല്ലാത്ത സ്ഥാനം.

വാഴ്ത്തപ്പെട്ട ജോൺ ഹെൻറി ന്യൂമാൻ

# മണൽത്തരികൾ മുള്ളുകളാകുമ്പോൾ



**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

കടലിനടിയിലെ തങ്ങളുടെ കളികൾക്കിടയിൽ സ്വർണ്ണമത്സ്യം തന്റെ കൂട്ടുകാരി ചിപ്പിയോടു പറഞ്ഞു: "നീ എന്നെ നോക്കൂ.... സ്വർണ്ണത്തിന്റെ നിറം. മനോഹരമായ ആകൃതി, എന്റെ ചിറകുകൾ മാലാഖമാരുടേതുപോലെ, ആരു കണ്ടാലും എന്നെ ഒന്നു നോക്കും. പക്ഷേ നീ... എന്തൊരു ഷെയ്പ്പാ ഇത്? പാറ പോലെ. നിറവും ഇല്ല... ചിപ്പി സ്വയം ഒന്നും നോക്കി. ശരിയാണ്, തനിക്കിതൊന്നും ഇല്ലല്ലോ! എങ്കിലും ശാന്തമായി അവൾ പറഞ്ഞു. നിന്നെപ്പോലെ വലിയ സൗന്ദര്യം എനിക്കില്ല. എങ്കിലും എന്റെ ഉള്ളു മനോഹരമാണ്, വിലയുള്ളതും. ഇതു പറഞ്ഞ് അവൾ തന്റെ തോടുകൾ വിടർത്തി കൂട്ടുകാരിയെ കാണിച്ചു. ആ കാഴ്ച കണ്ട സ്വർണ്ണമത്സ്യം തലകുടഞ്ഞു ചിരിച്ചു. ഇതാണോ നിന്റെ വിലയുള്ള ഉള്ള്? മാംസത്തോട് പറ്റിപ്പിടിച്ച കുറേ മണൽത്തരികൾ മാത്രം. സ്വർണ്ണമത്സ്യത്തിന് ചിരിയടക്കാനായില്ല. നാളുകൾ കുറേ കഴിഞ്ഞു. ഒരിക്കൽ രണ്ടുപേരും മുക്കുവന്റെ വലയിൽ കുടുങ്ങി. കരയിലെത്തിയ അയാളുടെ വാക്കുകൾ അവരുടെ ചെവിയിലെത്തി. ഈ ചുവന്ന മീനെ ഒന്നിനും കൊള്ളില്ല. പക്ഷേ. ഈ ചിപ്പിക്കുള്ളിൽ നിറയെ മുത്തുകളുണ്ടാവും, തീർച്ച. അയാൾ ആ സ്വർണ്ണമത്സ്യത്തെ ദൂരേയ്ക്ക് എറിഞ്ഞുകളഞ്ഞു.

ജീവിതത്തോട് പറ്റിച്ചേർന്ന്, ജീവരക്തം ഊറ്റിക്കുടിച്ച് കഠിന വേദനയുളവാക്കിയ മണൽത്തരികളെ തിളങ്ങുന്ന മുത്തുകളാക്കി മാറ്റിയ മിശിഹാശിഷ്യരുടെ വിലയേറിയ ജീവിതങ്ങളെ ധ്യാനിക്കുന്ന മനോഹരമായ കാലഘട്ടമാണ് കൈത്താക്കാലം. തങ്ങളുടെ പ്രിയ ഗുരുവിന്റെ കാല്പാടു

കളെ പിൻചെന്ന് സഹനങ്ങളെയും വേദനകളെയും മരണത്തെ വരെയും വിലയുള്ളതാക്കി മാറ്റാൻ അവർക്കു കഴിഞ്ഞു. ജീവിതകാലത്ത് അവർക്കാർക്കും വലിയ സൗന്ദര്യമില്ലായിരുന്നു. എല്ലാവരുടെയും മുമ്പിൽ അവഹേളിതർ. അവരുടെ ജീവിതം പരുക്കനായിരുന്നു. സ്ഥാനമാനങ്ങളില്ലാത്തവർ, അവരെയും അവരെ കേൾക്കുന്നവരെയും മരണത്താൽ ഇല്ലാതാക്കാം എന്ന് ചിലർ വിചാരിച്ചു. എന്നാൽ മരണത്തിലൂടെ അവർ തിളങ്ങുന്ന മുത്തുകളായി, തങ്ങളുടെ പ്രതിയോഗികളുടെ കണ്ണുകളെ മഞ്ചിപ്പിക്കുന്ന രീതിയിൽ അവർ പ്രകാശിച്ചു. അവരുടെ സഹനജീവിതത്തിന്റെ പ്രകാശം നൂറ്റാണ്ടുകളെ തിളക്കമുള്ളതാക്കി. തിരുസഭാമാതാവ് ഈ പ്രിയപ്പെട്ട മുത്തുകളെ അഭിമാനപൂർവം തന്റെ കിരീടത്തിലെത്തിക്കുന്നു.

> 'തന്റെ സഹനങ്ങളുടെ കുറവിനെ' തങ്ങളുടെ ശരീരത്തിൽ പരിഹരിച്ച വിശുദ്ധരുടെയും വേദസാക്ഷികളുടെയും മാതൃകയാണ് സഭാമാതാവ് ഇന്നിന്റെ മക്കളുടെ മുമ്പിലും വയ്ക്കുന്നത്.

ക്രൈസ്തവജീവിതത്തിന്റെ സഹനങ്ങളെയും വേദനകളെയും ധീരതയോടെ നേരിടാൻ തിരുസഭ തന്റെ പ്രിയ സഭാമക്കളെ ആഹ്വാനം ചെയ്യുകയാണ് ഈ കൈത്താക്കാലത്തിലൂടെ. സഹനങ്ങൾ എന്നും മനുഷ്യന് അസഹ്യത ഉളവാക്കുന്ന യാഥാർത്ഥ്യംതന്നെ. അതുകൊണ്ടാണല്ലോ അവയെ ഒഴിവാക്കുവാൻ അവൻ തത്രപ്പെടുന്നതും. 'തന്റെ സഹനങ്ങളുടെ കുറവിനെ' തങ്ങളുടെ ശരീരത്തിൽ പരിഹരിച്ച വിശുദ്ധരുടെയും വേദസാക്ഷികളുടെയും മാതൃകയാണ് സഭാമാതാവ് ഇന്നിന്റെ മക്കളുടെ മുമ്പിലും വയ്ക്കുന്നത്. സഹനജീവിതമല്ലാതെ നിത്യരക്ഷയ്ക്ക് മറ്റൊരു മാർഗ്ഗമില്ല. അതുകൊണ്ടാകാം, ഭാരതത്തിന്റെ പ്രിയപുത്രി വി. അൽഫോൻസാ ഇപ്രകാരം പ്രാർത്ഥിച്ചത്... ''കർത്താവേ, നിനക്കെന്താ എന്നോട് പിണക്കമാണോ...? ഇന്നേ ദിവസം എന്തേ നീ എനിക്ക് സഹനങ്ങൾ നല്കിയില്ല''? തിരിഞ്ഞുനോക്കാം നമുക്ക്. ഇങ്ങനെയൊന്നു പ്രാർത്ഥിക്കാൻ നാമെന്തു മാത്രം വളരേണ്ടിയിരിക്കുന്നു?

സഹനങ്ങളുടെയും ദുഃഖങ്ങളുടെയും മാധുര്യം അനുഭവിക്കാൻ, അവ നല്കുന്ന സമാധാനവും ആന്തരികസന്തോഷവും സ്വീകരിക്കാൻ, അവയെ വിലയേറിയ മുത്തുകളാക്കി മാറ്റാൻ ഈ കൈത്താക്കാലത്തിൽ നമുക്കും പ്രാർത്ഥിക്കാം, ആഗ്രഹിക്കാം, പരിശ്രമിക്കാം.



25 പ്രാവശ്യം എഴുതി പരാജയപ്പെട്ട IELTS പരീക്ഷയിൽ ദൈവദാസനായ ബിഷപ് വില്യം ജക്വീന്താ പിതാവിന്റെ മദ്ധ്യസ്ഥതയാൽ ജയിച്ചതിന് ഉപകാരസ്മരണ.

ഫ്‌ളവർ തോമസ് കുഴിക്കാട്ട്
തൊടുപുഴ




**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**: *"ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്നു പറഞ്ഞ് ദൈവതിരുഹിതത്തിന് പൂർണ്ണമായി പ്രത്യുത്തരിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം.*

പരി. അമ്മേ... ദൈവതിരുമനസിനു എപ്പോഴും കീഴ്‌വഴങ്ങി, അനുദിന ജീവിതത്തിലെ ഓരോ സാഹചര്യത്തെയും കൃപയായി കാണാൻവേണ്ട അനുഗ്രഹത്തിനായി ഞങ്ങൾക്കായി പ്രാർത്ഥിക്കണേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: *ശുശ്രൂഷാമനോഭാവത്തെ പുണ്യമായി കണ്ടുകൊണ്ട്, ഇളയമ്മയെ ശുശ്രൂഷിക്കാൻ തിടുക്കത്തിൽ യാത്രയായ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.*

പരി. അമ്മേ, ജീവിതയാത്രയിൽ സഹോദരങ്ങൾക്ക് ശുശ്രൂഷ ചെയ്യുവാനും, സേവനമനോഭാവം വളർത്തുവാനും വേണ്ട കൃപയ്ക്കായി നീ പ്രാർത്ഥിക്കണേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: *തന്റെ തിരുക്കുമാരനു പിറക്കാൻ സ്ഥലം കിട്ടാഞ്ഞിട്ടും, പരാതികളില്ലാതെ, ജീവിത യാത്രയിൽ സന്തോഷത്തോടെ തിരുക്കുമാരനു ജന്മം കൊടുത്ത പരി. അമ്മയെ നമുക്കു ധ്യാനിക്കാം.*

പരി. അമ്മേ, ഞങ്ങളുടെ ഹൃദയങ്ങളിൽ ആത്മീയ സന്തോഷം നിറഞ്ഞ്, പരാതികളില്ലാത്ത ജീവിതം നയിക്കാൻ വേണ്ട കൃപയ്ക്കായി നീ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: *തന്റെ തിരുക്കുമാരനെ ദൈവത്തിനു കാഴ്ച്ചവച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം.*


പരി. അമ്മേ, ഞങ്ങളുടെ ജീവിതത്തിൽ ദൈവം ഞങ്ങൾക്കു നല്കിയ വ്യക്തികളെയും, സാഹചര്യങ്ങളെയും, അയോഗ്യതകളെയുമെല്ലാം അനുദിനം ദൈവപിതാവിനു സമർപ്പിച്ച് കൃപയാൽ പൂരിതരായി ജീവിക്കാൻ വേണ്ട അനുഗ്രഹത്തിനായി നീ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: *പന്ത്രണ്ടാം വയസിൽ കാണാതായ ഈശോയെ മൂന്നാം ദിവസം അന്വേഷിച്ചു കണ്ടെത്തിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.*

പരി. അമ്മേ, ഞങ്ങൾ ഒരിക്കലും പാപം മൂലം ഈശോയിൽ നിന്നകന്ന്, ലോകവസ്തുക്കൾക്കടിമപ്പെട്ടു ജീവിക്കാതിരിക്കാനുള്ള കൃപയ്ക്കായി നീ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


ദൈവദാസൻ ബിഷപ്
വില്യം ജക്വീന്താ
പിതൃമൊഴി
ജീവിതത്തിൽ കാർമേഘങ്ങൾ വന്നുമുട്ടുമ്പോഴും
പിതാവു നമ്മെ ശ്രവിക്കുന്നില്ല എന്ന അനുഭവം
ഉളവാകുമ്പോഴും ഓർക്കുക
ദുഷ്ടന്റെയും ശിഷ്ടന്റെയും മേൽ
ഒരുപോലെ മഴ പെയ്യിക്കുകയും
നന്മ ചെയ്യുന്നവരുടെയും
തിന്മ ചെയ്യുന്നവരുടെയുംമേൽ
ഒരുപോലെ വെയിൽ നൽകുകയും ചെയ്യുന്ന
നല്ലവനായ പിതാവിന്റെ ഇടതടവില്ലാത്ത
സ്നേഹകടാക്ഷത്തിൻകീഴിലാണ് നാമെന്ന്.

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th July 2018

Registered: KL/KTM/72/2018-20
Licence No: KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഭിന്നതയഖിലം കൈവിടുവിൻ
ഒരു ഗണമാകുക മിശിഹായിൽ
രക്ഷാകരമാം ചെയ്തികളാൽ
ശക്തിവരിക്കുക നിലനില്ക്കാൻ
വിനയം ശാന്തതയിവ വഴിയായ്
ശിഷ്യത്വത്തിൻ പ്രഭ വിതറൂ
സാക്ഷ്യമണയ്ക്കുക സാമോദം
ധീരതയാർന്നു ഗമിച്ചീടൂ

(കൈത്താക്കാലം, ഞായർ-എന്താന)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O, Kottayam - 686 018, Printed at WiGi Printers, Manganam P.O, Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal